കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഉദയഗിരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് -2016-17


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

E-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.3/1654/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ[
ഇ-മെയിൽ - doknr.ksad@kerala.gov.in
ഫോൺ - 04972-707698
തീയ്യതിഃ 02-11-2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),
ഉദയഗിരി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം: ഉദയഗിരി ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997-ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക].

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (e-mail)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഉപരിപത്രം സഹിതം)
3. കാര്യാലയ പ്രതി.

...

നം.കെ.എസ്.എ/കെ.എൻ.ആർ/സി.3/1654/2017.

തീയ്യതി: 02-11-2017.

<u>കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ</u>

<u>2016-2017 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).*

ആമുഖം

ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05-01-2017 മുതൽ 12-09-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 24 അന്വേഷണക്കുറിപ്പുകളിൽ 15 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം:

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | : | ശ്രീ.ജോൺ മനോഹർ. എ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 13-09-2017 മുതൽ 22-09-2017 വരെ |

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:</u>

| പേര് | തസ്തിക |
|---|---|
| ശ്രീ.സുരേഷ്ബാബു.കെ.വി. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.റീന പിട്ടൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ധന്യ.എം.വി. | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ:

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. മിനി മാത്യു | 01-04-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീ.നാരായണൻകുട്ടി.ഡി. | 01-04-2016 മുതൽ 30-11-2016 വരെ |
| | ശ്രീ.പ്രകാശൻ.എ.വി. | 01-12-2016 മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ:

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീ.സുനീഷ് കെ. | 01-04-2016 | 31-03-2017 |
| വി.ഇ.ഒ. | ശ്രീ.മുഹമ്മദ് ബഷീർ എൻ.പി | 01-04-2016 | 31-03-2017 |
| വെറ്ററിനറി സർജ്ജൻ | ഡോ.ബിജോയ് വർഗ്ഗീസ് | 01-04-2016 | 31-03-2017 |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.ഷൈലജ വർമ്മ | 01-04-2016 | 31-03-2017 |
| അസി. എഞ്ചിനീയർ | ശ്രീമതി.ശ്രീജ യു. | 01-04-2016 | 31-03-2017 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഗീത എൻ.ഡി. | 01-04-2016 | 31-08-2016 |
| | ശ്രീമതി.നാരായണി എ. | 01-09-2016 | 31-03-2017 |
| മെഡിക്കൽ ഓഫീസർ (GHD) | ഡോ.സിമി | 01-04-2016 | 31-08-2016 |
| | ഡോ.ഷർന | 01-09-2016 | 31-03-2017 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സി.കെ.പങ്കജാക്ഷൻ | 01-04-2016 | 31-03-2017 |
| ഹെഡ് മാസ്റ്റർ | ശ്രീ.ജോസഫ് മാത്യു | 01-04-2016 | 31-03-2017 |

ഉള്ളടക്കം:


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|---|
| ഭാഗം 1- പൊതു അവലോകനം | | | |
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | വാർഷികധനകാര്യ പത്രിക | |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | |

| | | | |
|---|---|---|---|
| 4 | 1-4 | സാമ്പത്തിക വിശകലനം | |
| 5 | 1-5 | ഫണ്ട് വിനിയോഗം | |
| 6 | 1-6 | പദ്ധതി അവലോകനം | |
| 7 | 1-7 | തനത് വരുമാനം | |
| 8 | 1-8 | ക്ഷേമപദ്ധതികൾ | |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| 10 | 1-10 | ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ | |
| 11 | 1-11 | ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ വീഴ്ചകൾ | |
| 12 | 1-12 | ആസ്തി രജിസ്റ്ററുകൾ കാലികമാക്കുന്നതിലെ വീഴ്ച്ച | |
| 13 | 1-13 | ഗ്രാമസഭകളുടെ പ്രവർത്തനം | |
| 14 | 1-14 | ഗുണഭോക്തൃതെരഞ്ഞെടുപ്പ് - വ്യക്തിഗത സബ്സിഡി ഇനങ്ങൾക്ക് വാർഡ് തലത്തിൽ ടാർഗറ്റ് നിശ്ചയിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് സർക്കാർ മാനദണ്ഡങ്ങളുടെ ലംഘനം | |
| 15 | 1-15 | രജിസ്റ്ററുകൾ സൂക്ഷിക്കാത്തത് സംബന്ധിച്ച് | |
| ഭാഗം 2 - വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 15 | 2-1 | വസ്തു നികുതി നിർണ്ണയിക്കലും ഈടാക്കലും - കുറവ് വന്ന തുക ഈടാക്കേണ്ടതാണ് | |
| 16 | 2-2 | ക്വാറികൾക്കും ക്രഷർ യൂണിറ്റുകൾക്കും ലൈസൻസ് അനുവദിച്ചതിൽ അപാകങ്ങൾ | |
| 17 | 2-3 | ഡി & ഓ ലൈസൻസ് ചുമത്തുന്നതിലെയും ഈടാക്കുന്നതിലെയും വീഴ്ചകൾ | |

| | | | |
|---|---|---|---|
| 18 | 2-4 | ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിക്കേണ്ട 24,250/- രൂപ ലഭിക്കുവാൻ നടപടി സ്വീകരിച്ചില്ല | |
| 19 | 2-5 | കാർത്തികപുരം പാറോത്തുംമല-മാവുംതട്ട്-പൂവൻചാൽ റോഡരികിലൂടെ 5.8 കി.മീ ഒപ്റ്റിക്കൽ ഫൈബർ കേബിളിടൽ പ്രവൃത്തി-റോഡ് റെസ്റ്റോറേഷൻ ചാർജ്ജ്-യൂസർ ഫീസ് ഈടാക്കാത്തതിനാൽ നഷ്ടം | |
| ഭാഗം 3 - ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 20 | 3-1 | തെരുവ് വിളക്ക് സ്ഥാപിക്കൽ പ്രൊജക്ട് നിർവഹണത്തിലെ ക്രമക്കേടുകൾ- പരമാവധി വിൽപ്പന വില (MRP) 1,850/- രൂപയുള്ള എൽ ഇ ഡി ബൾബിന് 2,200/- രൂപ നൽകി. പരമാവധി വിൽപ്പന വിലയിലും അധികം കരാറുകാരന് നൽകിയ 52,500/- രൂപ പലിശ സഹിതം ഈടാക്കേണ്ടതാണ് | |
| 21 | 3-2 | തെരുവ് വിളക്ക് റിപ്പയർ - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ - ചെലവ് തുക തടസ്സപ്പെടുത്തുന്നു | |
| 22 | 3-3 | തെരുവ് വിളക്ക് റിപ്പയർ (എ എം സി) - തുക അഡ്വാൻസായി നൽകാവുന്നതല്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു | |
| 23 | 3-4 | അഡ്വാൻസുകൾ സമയപരിധിക്കകം ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | |
| 24 | 3-5 | റോഡ് പ്രവൃത്തികൾക്കാവശ്യമായ ബിറ്റുമിനും എമൽഷനും വാങ്ങി നൽകൽ – അധികം നൽകിയ 35,910/- രൂപ ഈടാക്കേണ്ടതാണ് | |
| 25 | 3-6 | സാമൂഹ്യസുരക്ഷപെൻഷൻ – മരണപ്പെട്ടതിന് ശേഷവും | |

| | | | |
|---|---|---|---|
| | | ഗുണഭോക്താക്കളുടെ പെൻഷൻ തുക അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്നു | |
| 26 | 3-7 | കെ.എൽ.ജി.എസ്.ഡി.പി. തദ്ദേശമിത്രം പ്രൊജക്ടുകൾ-സ്ട്രക്ചറൽ ഡിസൈൻ ചാർജിനത്തിൽ 92,500/- രൂപയുടെ അധിക ചെലവ് | |
| 27 | 3-8 | ഹോമിയോ മരുന്നുകൾ ലഭിക്കുന്നതിലെ കാലതാമസം-ഡിസ്പെൻസറിയുടെ പ്രവർത്തനത്തെ ബാധിക്കുന്നു | |
| 28 | 3-9 | അംഗൻവാടികൾക്ക് ഫർണ്ണിച്ചർ, പ്രഷർ കുക്കർ എന്നിവ വാങ്ങൽ-പ്രഷർ കുക്കർ വിതരണം ചെയ്തില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു | |
| 29 | 3-10 | ജലനിധി -പ്രവൃത്തി പൂർത്തികരിച്ചാലുടൻ ഗുണഭോക്തൃ ഗ്രൂപ്പിന്റെയുൾപ്പെടെയുള്ള കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് | |
| 30 | 3-11 | ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലങ്ങൾക്ക് ഭൂനികുതി ഒടുക്കുന്നില്ല | |
| ഭാഗം 4 -പൊതുവിവരവും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 31 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 32 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | |
| 33 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 34 | 4-4 | വായ്പ/വായ്പ തിരിച്ചടവ് | |
| 35 | 4-5 | സ്ഥിര നിക്ഷേപങ്ങൾ | |
| 36 | 4-6 | ഓഡിറ്റ് റിക്കവറി | |
| 37 | 4-7 | ചാർജ്/സർചാർജ്ജ് നടപടികൾ സ്വീകരിച്ചതിന്റെ | |

| | | | |
|---|---|---|---|
| | | വിവരങ്ങൾ | |
| 38 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | |
| 39 | 4-9 | ഓഡിറ്റ് പ്രത്യവലോകനം | |
| 40 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | |
| അനുബന്ധങ്ങൾ | | | |
| 41 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 42 | അനുബന്ധം-2 | Income & Expenditure Statement | |
| 43 | അനുബന്ധം-3 | Receipt & Payment Statement | |
| 44 | അനുബന്ധം-4 | Balance Sheet | |

# ഭാഗം 1
## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017 വർഷത്തെ ബജറ്റ് 03-03-2016 തീയതിയിൽ ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക യോഗത്തിൽ അവതരിപ്പിക്കുകയും ഭരണസമിതി തീരുമാനം നമ്പർ 54/16 പ്രകാരം അംഗീകരിക്കുകയുമുണ്ടായി. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥത്തിലുള്ളത് (റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 9,34,837 | 43,74,796 | ഡി.ബി.ടി, ഇ.എഫ്.എം.എസ്. തുടങ്ങിയ സംവിധാനം വഴി ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്ന തുകകൾ കൂടി ഉൾപ്പെടുത്തിയാണ് ബജറ്റ് തയ്യാറാക്കുന്നത്. റെസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഇവ ഉൾപ്പെടുത്താത്തതിനാൽ താരതമ്യം |
| വരവ് | 18,59,26,000 | 4,51,65,147 | |
| ആകെ | 18,68,60,837 | 4,95,39,943 | |
| ചെലവ് | 18,61,52,059 | 3,92,56,967 | |

| | | | |
|---|---|---|---|
| നീക്കിയിരിപ്പ് | 7,08,778 | 1,02,82,976 | സാധ്യമായിട്ടില്ല. |

വരുമാന ചെലവ് പത്രിക പ്രകാരമുള്ള വരുമാനവും ചെലവും തമ്മിലുള്ള താരതമ്യം ചുവടെ കൊടുക്കുന്നു.

| ഇനം | തുക |
|---|---|
| വരുമാനം | 9,32,66,461 |
| ചെലവ് | 9,36,80,002 |
| വരുമാനത്തെക്കാൾ കവിഞ്ഞുള്ള ചെലവ് | 4,13,541 |

തൻവർഷത്തെ വരുമാനത്തെക്കാളും കൂടുതൽ തുക ചെലവഴിച്ചത് സാമ്പത്തിക ആസൂത്രണത്തിലുണ്ടായ വീഴ്ചയാണ്. ഇക്കാര്യം ഉചിതമായ നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-2017 | 31-07-2017 | 25-07-2017 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2016-2017 | 18-09-2017 | കെഎസ്എ/കെഎൻആർ/സി13/1654/2017 തീയ്യതി: 02-11-2017. | വിശേഷണങ്ങളോടു കൂടിയത് |

ന്യൂനത

1) B 11 ഷെഡ്യൂളുകൾ പ്രകാരമുള്ള പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വിരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) വസ്തു നികുതിയുടെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവയുടെ വിവരം കാണിക്കുന്ന വസ്തു നികുതി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) പഞ്ചായത്ത് ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി നേരിട്ട് ഈടാക്കിയതിനാൽ അക്കൌണ്ടിലെ Receipt & Payment Schedule ൽ ഉൾപ്പെടുത്തിയിട്ടില്ല.

4) വസ്തു നികുതി ഇനത്തിൽ കിട്ടാൻ ബാക്കിയുള്ളതായി (2015-16) B-15 ഷെഡ്യൂളിൽ

രേഖപ്പെടുത്തിരിക്കുന്നത് 4,07,586/- (current) + 5,47,620/- (arrear) = 9,55,206/- രൂപയാണ്. 2016-17 അക്കൗണ്ട് പ്രകാരം കുടിശ്ശിക കലക്ഷൻ 4,30,812/- രൂപയുണ്ട്. ആയതു പ്രകാരം B-15 ൽ വരേണ്ടിയിരുന്ന (9,55,206-4,30,812) 5,24,394/- രൂപയ്ക്ക് പകരം 4,55,378/- രൂപയാണ്.

6) ഡെപ്പോസിറ്റ് ഇനത്തിലുള്ള മുന്നിരിപ്പ് (15-16 ബി-17-7,59,377), വരവ് (RP34 - 1,27,854), ചെലവ് (RP-34 -1,42,465), നീക്കിയിരിപ്പ് (B7-7,22,266/-) എന്നീ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.

7) ബാലൻസ് ഷീറ്റിൽ B-18 ഷെഡ്യൂളിൽ അഡ്വാൻസ് ഇനത്തിലുള്ള നീക്കിയിരിപ്പുകൾ അഡ്വാൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
8) KLGSDP ഗ്രാന്റ് ചെലവ് (സുലേഖ പ്രകാരമുള്ളത്) ധനകാര്യ പത്രികയിലുള്ള ചെലവുമായി പൊരുത്തപ്പെടുന്നില്ല.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റെസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു).

## 1-4 സാമ്പത്തിക വിശകലനം

സ്ഥാപനത്തിന്റെ 2016-2017 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള (റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് അടിസ്ഥാനപ്പെടുത്തിയുള്ളത്) സാമ്പത്തിക വിശകലനം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 43,74,796 |
| വരവ് | 4,51,65,147 |
| ആകെ | 4,95,39,943 |
| ചെലവ് | 3,92,56,967 |
| നീക്കിയിരിപ്പ് | 1,02,82,976 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | അലോട്ട്മെന്റ് (എ.സി.ആർ പ്രകാരമുള്ളത്) | ആകെ | ചെലവ് | അലോട്ട്മെന്റിൽ ബാക്കിയുള്ള തുക (എ.സി.ആർ പ്രകാരമുള്ളത്) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 1,15,84,855 | | 99,15,700 | 16,69,155 | 85.60 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 37,64,346 | | 24,85,411 | 12,78,935 | 66.02 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 40,341 | 0 | 40,341 | 40,341 | 100 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 1,10,93,358 | | 30,75,758 | 80,17,600 | 27.73 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് -നോൺറോഡ് | 0 | 32,96,955 | | 20,42,007 | 12,54,948 | 61.94 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 64,97,522 | | 16,23,732 | 48,73,790 | 25.00 |
| കെ എൽ ജി എസ് ഡി പി-ഗ്രാന്റ് | 0 | 1,45,89,810 | | 14,30,063 | 1,31,59,747 | 9.80 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 435 | 219245757 | 21946192 | 2,18,46,692 | 99500 | 100 |
| ബി ഫണ്ട് | 0 | 4,02,27,575 | 4,02,27,575 | 4,02,27,575 | 0 | 100 |

ധനകാര്യ കമ്മീഷൻ, കെ എൽ ജി എസ് ഡി പി ഗ്രാന്റ് ഇനത്തിൽ നാമമാത്രമായ തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 25 ശതമാനവും, കെ എൽ ജി എസ് ഡി പി ഗ്രാന്റ് ഇനത്തിൽ 9.8 ശതമാനവും മാത്രമാണ് ചെലവാക്കുവാൻ സാധിച്ചത്. ഗ്രാന്റ് യഥാസമയം ചെലവഴിക്കാത്തതു മൂലം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട ലക്ഷക്കണക്കിന് രൂപ നഷ്ടപ്പെടുവാനിടയാക്കുന്ന കാര്യം ഉചിതമായ നടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തിയാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 158 | 7,84,09,291 | 51 | 2,43,26,436 | 107 | 10 | 32.28 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-2017 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 54.49% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | 2015-16 വർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 15,13,551 | 22,20,199 | 7,06,648 | 46.69 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 4,88,475 | 8,74,670 | 3,86,195 | 79.06 |
| മറ്റു വരവുകൾ | 18,204 | 26,178 | 7,974 | 43.80 |
| ആകെ | 20,20,230 | 31,21,047 | 11,00,817 | 54.49 |

ഗ്രാമപഞ്ചായത്തിന് തൻവർഷം 100% നികുതി പിരിവ് ലക്ഷ്യം കൈവരിക്കുവാനായിട്ടില്ല. വസ്തു നികുതിയിനത്തിൽ കുടിശ്ശിക പിരിച്ചെടുക്കുവാനുണ്ട്.

## 1-8 ക്ഷേമപദ്ധതികൾ

2016-2017 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2016-2017 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽ രഹിത വേതനം | 63,360 | 45 |
| കർഷകതൊഴിലാളി പെൻഷൻ | 26,04,060 | 272 |
| വിധവാപെൻഷൻ | 69,00,990 | 583 |
| വാർദ്ധക്യകാല പെൻഷൻ | 2,82,08,905 | 2209 |
| വികലാംഗ പെൻഷൻ | 19,57,800 | 203 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,22,460 | 23 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 2,70,000 | 9 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-08-2017 മുതൽ 18-08-2017 വരെ | 01-04-17 മുതൽ 31-07-17 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-02-2011 മുതൽ 01-03-2011 വരെ | 2005-06 മുതൽ 2009-10 വരെ | LBA(HQ)-Nil/8A-1713/304 തീയതി 04-04-11 |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-09-2017-ന് 3.10 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,193/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തരനിയന്ത്രണസംവിധാനത്തിലെ വീഴ്ചകൾ.

രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതിലെ വീഴ്ചകൾ:

മാന്വൽ ഓഫ് ഓഫീസ് പ്രൊസീജിയർ ഖണ്ഡിക 21 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പേഴ്സണൽ രജിസ്റ്ററിൽ തപാൽ ലഭിച്ച വിവരങ്ങൾ മാത്രമാണ് ജീവനക്കാർ രേഖപ്പെടുത്തിയിട്ടുള്ളത്. തപാലുകളിൽ സ്വീകരിച്ച തുടർനടപടികളുടെയും തീർപ്പാക്കിയതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തുകയോ പേഴ്സണൽ രജിസ്റ്റർ ഉത്തരവാദപ്പെടുത്തിയ ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. എംഒപി ഖണ്ഡിക 154 (1) പ്രകാരം സൂക്ഷിക്കേണ്ട കോൾ ബുക്ക് സൂക്ഷിച്ചിട്ടില്ല. എംഒപി 154(2) പ്രകാരം സൂക്ഷിക്കേണ്ട റിമൈൻഡർ ഡയറി സൂക്ഷിച്ച് വരുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 156, 157 എന്നിവ പ്രകാരം തയ്യാറാക്കേണ്ട സർവ്വെ റിപ്പോർട്ട് ഓഫ് സ്റ്റോഴ്സ്, റിപ്പോർട്ട് ഓഫ് സർപ്ലസ് സ്റ്റോഴ്സ് ഫോർ ഡിസ്പോസൽ എന്നിവ തയ്യാറാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വോള്യംI ആർട്ടിക്കിൾ 150 പ്രകാരം സൂക്ഷിക്കേണ്ട ഫർണിച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിട്ടില്ല. ഐഡന്റിഫിക്കേഷൻ നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഫർണിച്ചറുകൾ ഏത് സാമ്പത്തികവർഷ കാലയളവിൽ വാങ്ങിയവയാണെന്ന് തിരിച്ചറിയുവാൻ സാധിക്കുന്നില്ല.

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല. ഇൻകുമ്പൻസി മാസ്റ്റർ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നുവെന്ന് ഉത്തരവാദപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ച

06-08-2012-ലെ സ.ഉ.(കൈ)നം.212/12, 18-07-2013-ലെ സ.ഉ.(കൈ) നം.255/13 എന്നീ ഉത്തരവുകൾ പ്രകാരം എല്ലാ ആസ്തികളും സുചിത്ര സോഫ്റ്റ്‌വെയർ മുഖേന രേഖപ്പെടുത്തേണ്ടതും നേരത്തേ രേഖപ്പെടുത്തിയ റോഡുകളുടെ നീളം, ഭൂമിയുടേയും കെട്ടിടങ്ങളുടേയും വിസ്തൃതി തുടങ്ങിയ ആസ്തി സംബന്ധമായ അളവുകൾ നിർദ്ദേശിച്ച യൂണിറ്റുകളിലാക്കി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ് എന്നും ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കിയ പ്രസ്തുത ആസ്തി രജിസ്റ്റർ ശില്പശാലകളിൽ പരിശോധിച്ച് കുറ്റമറ്റതാക്കിയ ഡാറ്റാ ബേസിന് ബന്ധപ്പെട്ട ഭരണസമിതിയിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ആസ്തികളിൽ കാലികമായ മാറ്റം വരുത്തി സാക്ഷ്യപ്പെടുത്തുന്നതിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വരുന്ന ഏത് ആസ്തികളിലും നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിക്കേണ്ടത് ആസ്തി രജിസ്റ്ററിനെ അടിസ്ഥാനമാക്കിയാണ് എന്നിരിക്കേ പ്രസ്തുത രജിസ്റ്റർ കുറ്റമറ്റതാക്കാത്തത് വീഴ്ചയായിട്ടാണ് ഓഡിറ്റിൽ വിലയിരുത്തുന്നത്. ആസ്തി രജിസ്റ്ററിൽ കാലികമായ മാറ്റങ്ങൾ വരുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-13 ഗ്രാമസഭകളുടെ പ്രവർത്തനം

കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 അനുസരിച്ച് മൂന്ന മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭകൾ സമ്മേളിക്കേണ്ടതുണ്ട്. എന്നാൽ ഉദയഗിരി ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ 2 തവണ മാത്രമാണ് ഗ്രാമസഭകൾ സമ്മേളിച്ചിട്ടുള്ളത്.

വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | മാസം | പ്രധാന അജണ്ട |
|---|---|---|
| 1 | 07/2016 | പിഎവൈ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, ഒഡിഎഫ് ലിസ്റ്റ് അംഗീകരിക്കൽ മുതലായവ. |
| 2 | 10/16 | 2016-17 ഗുണഭോക്തൃതെരഞ്ഞെടുപ്പ്, MNREGS 2017-18 ലേബർ ബജറ്റ് മുതലായവ. |

ഗ്രാമസഭകളിൽ ക്വാറം തികയുന്നതിനാവശ്യമായ ആളുകൾ പങ്കെടുത്തിട്ടുണ്ട്. മൂന്ന മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭകൾ ചേരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമസഭാപ്രവർത്തനം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ട്.

1) ഒന്നാമത്തെ ഗ്രാമസഭ –മുൻവർഷത്തെ വികസന പ്രവർത്തനങ്ങളുടെ അവലോകനവും, നടപ്പ് വർഷത്തെ വാർഷിക പദ്ധതി നിർദ്ദേശങ്ങളും.

2) രണ്ടാമത്തെ ഗ്രാമസഭ – അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ ചർച്ചയും ഗുണഭോക്തൃ തെരഞ്ഞെടുപ്പും.

3) മൂന്നാമത്തെ ഗ്രാമസഭ – വാർഷിക പദ്ധതി നിർവഹണവും, ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങളുടെ പ്രവർത്തനവും.

4) നാലാമത്തെ ഗ്രാമസഭ –പദ്ധതി പുരോഗതി മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും.

ഓഡിറ്റ് വർഷങ്ങളിൽ ചേർന്ന ഗ്രാമസഭകളിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുവാൻ സാധിച്ചിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിൽ ചർച്ച ചെയ്തിട്ടില്ല. ആയതിനും പ്രത്യേക പരിഗണന നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ഊരു കൂട്ടങ്ങളുടെ യോഗം താഴെപ്പറയുന്ന തീയതികളിൽ ചേർന്നിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | മാസം | പ്രധാന അജണ്ട |
|---|---|---|
| 1 | 02/2016 | 2016-17 വാർഷിക പദ്ധതി രൂപീകരണം |
| 2 | 07/2016 | ഭവനപുനരുദ്ധാരണം, ഭവന നിർമ്മാണം, കോർപ്പസ് ഫണ്ട്, ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ മുതലായവ. |
| 3 | 10/2016 | 2016-17 വാർഷിക പദ്ധതി ഗുണഭോക്തൃ തെരഞ്ഞെടുപ്പ്. |

## 1-14 ഗുണഭോക്തൃതെരഞ്ഞെടുപ്പ് -വ്യക്തിഗത സബ്സിഡി ഇനങ്ങൾക്ക് വാർഡ് തലത്തിൽ ടാർഗറ്റ് നിശ്ചയിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് സർക്കാർ മാനദണ്ഡങ്ങളുടെ ലംഘനം

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച സർക്കാരിന്റെ 02-09-1998-ലെ ജി.ഒ(പി)181/98 /എൽഎഡി നമ്പർ ഉത്തരവ് പ്രകാരം വ്യക്തിഗത സബ്സിഡി ഇനങ്ങൾക്ക് വാർഡ് തലത്തിൽ ടാർജറ്റ് നിശ്ചയിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ പാടില്ലെന്നും അപേക്ഷകർക്ക് ലഭിക്കുന്ന മാർക്കിന്റെ മാത്രം അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് മൊത്തമായിട്ടുള്ള ലിസ്റ്റ് തയ്യാറാക്കി അച്ചടിച്ച് പ്രസിദ്ധീകരിക്കണമെന്നുമാണ്. എന്നാൽ ഉദയഗിരി ഗ്രാമപഞ്ചായത്തിൽ അപേക്ഷകർക്ക് ലഭിച്ച മാർക്ക് പരിഗണിക്കാതെ വാർഡ്തലത്തിലാണ് ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച അടിസ്ഥാന തത്ത്വങ്ങളുടെ ലംഘനമാണിത്. കൂടാതെ ലിസ്റ്റ് അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുമില്ല. വ്യക്തിഗത സബ്സിഡി ഇനങ്ങൾക്ക് വാർഡ്തലത്തിൽ ടാർജറ്റ് നിശ്ചയിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് സർക്കാർ മാനദണ്ഡങ്ങളുടെ ലംഘനമാണ്. ഉചിതമായ നടപടികൾക്കായി ഇക്കാര്യം ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 രജിസ്റ്ററുകൾ സൂക്ഷിക്കാത്തത് സംബന്ധിച്ച്

1. പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സ് എഴുതി പൂർത്തിയാക്കിയിട്ടില്ല. ചേർന്ന കമ്മറ്റികളിലൊന്നും തന്നെ ക്വാറം തികഞ്ഞിട്ടില്ല. നിർവഹണ ഉദ്യോഗസ്ഥർ പ്രൊക്യൂർമെന്റ് കമ്മറ്റികളിലൊന്നും തന്നെ പങ്കെടുത്തിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയിക്കലും ഈടാക്കലും-കുറവ് വന്ന തുക ഈടാക്കേണ്ടതാണ്

പഞ്ചായത്തിലെ വസ്തു നികുതി പരിഷ്കരണ അന്തിമ വിജ്ഞാപന പ്രകാരം (19-10-2011-ലെ നമ്പർ എ.4-3843/11) വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 100 ചതുരശ്ര മീറ്റർ വരെയുള്ള ഷോപ്പുകൾക്ക് ഒരു ചതുരശ്ര മീറ്ററിന് 40/- രൂപയും 100 ചതുരശ്ര മീറ്ററിനു മുകളിലുള്ളവയ്ക്ക് 50/- രൂപയുമാണ് അടിസ്ഥാന വസ്തു നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 203(2) ബി പ്രകാരം തറ വിസ്തീർണ്ണം എന്നാൽ ഒരു ഏക നില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറ നിരപ്പിന്റെ വിസ്തീർണ്ണം എന്നും ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറ നിരപ്പിന്റെ ആകെ വിസ്തീർണ്ണം എന്നും സെക്ഷൻ 203(9) പ്രകാരം ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2-ാം ഉപവകുപ്പിൽ രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ, 7-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രമാണ് പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധമായ രീതിയിൽ വസ്തു നികുതി വെവ്വേറെ കണക്കാക്കി മൊത്തം വാർഷിക നികുതി തിട്ടപ്പെടുത്തേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2016-17 കാലയളവിൽ നികുതി നിർണ്ണയം നടത്തിയ 100 ചതുരശ്ര മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള താഴെ പറയുന്ന വാണിജ്യ കെട്ടിടങ്ങൾക്ക് അവയുടെ ആകെ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കാതെ കെട്ടിടത്തിലെ മുറികളുടെ ഓരോന്നിന്റെയും വിസ്തീർണ്ണം പ്രത്യേകം കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന്

50/- രൂപ എന്നതിനു പകരം 40/- രൂപ എന്ന തോതിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

A) ഉടമസ്ഥന്റെ പേര് :ജോജി തോമസ്, ഏഴുപാറയിൽ

വാർഡ് നമ്പർ : V

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടം

ഫയൽ നമ്പർ : 1931/16

| ക്രമ നം. | കെട്ടിട നം./ അസസ്സ്മെന്റ് നം. | വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | ഡിമാന്റ് ചെയ്ത വസ്തു നികുതി (ഗ്രന്ഥശാലവരി 5%), രശീതി നം./തീയതി | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥശാലവരി) | വ്യത്യാസം | കുറിപ്പ് |
|---|---|---|---|---|---|---|
| 1 | 191/A | 33.2 | 1,535<br>11601100256/28-04-16 | 1,917.3 | 382.3 | 10%ഇളവ് 20% വർദ്ധനവ് |
| 2 | 191/B | 43.8 | 2,025<br>11601100257/28-04-16 | 2,530 | 505 | 10%ഇളവ് 20% വർദ്ധനവ് |
| 3 | 191/C | 46 | 2,125.2<br>11601100258/28-04-16 | 2,657 | 532 | 10%ഇളവ് 20% വർദ്ധനവ് |
| | കുറവ് | | | | 1,419.3 | |

1) മേൽ കെട്ടിടം 86.10 $m^2$ നാണ് പെർമിറ്റ് എടുത്തിരുന്നത്. എന്നാൽ 33.2 $m^2$, 43.8 $m^2$, 46 $m^2$ എന്നീ അളവിൽ 123 $m^2$ വിസ്തീർണ്ണത്തിലാണ് മൂന്ന് മുറികളിലായി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചത്. പെർമിറ്റ് നൽകിയതിനേക്കാൾ 36.9 $m^2$ അധികം നിർമ്മിച്ചതിന് റഗുലറൈസേഷൻ ഫീസ് ഈടാക്കേണ്ടതാണ്. റഗുലറൈസേഷൻ ഫീസ് ഇനത്തിലുണ്ടായ 369/- രൂപയുടെ നഷ്ടം (36.9*5*2) ഈടാക്കേണ്ടതാണ്.

2) മേൽ കെട്ടിടം നേരിട്ട് പരിശോധിച്ച ഫീൽഡ് റിപ്പോർട്ടിൽ കെട്ടിടത്തിനോടനുബന്ധിച്ച് ടോയ്‌ലറ്റ് നിർമ്മിച്ചിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടോയ്‌ലറ്റിന്റെ അഭാവത്തിൽ കെട്ടിട നമ്പർ നൽകിയത് ക്രമപ്രകാരമല്ല.

3) 191/A എന്ന കെട്ടിട നമ്പർ സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയിട്ടില്ല.

B) ഉടമസ്ഥന്റെ പേര് : സാവിത്രി ഗോപാലൻ

വാർഡ് നമ്പർ : XI

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടം

ഫയൽ നമ്പർ : 5303/16

| ക്രമ നം. | കെട്ടിട നം./ അസസ്സ്മെന്റ് നം | വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി (ഗ്രന്ഥശാലവരി 5%), രശീത് നം./തീയതി | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥശാലവരി) | വ്യത്യാസം | കുറിപ്പ് |
|---|---|---|---|---|---|---|
| 1 | 107/A | 13.12 | 662/11601100798 13-07-2016 | 827 | 165 | 20% വർദ്ധനവ് |
| 2 | 107/B | 11.57 | 58411601100800 13-07-2016 | 730 | 146 | 20% വർദ്ധനവ് |
| 3 | 107/C | 87.96 | 4,433/1160110080 13-07-2016 | 5,542 | 1,109 | 20% വർദ്ധനവ് |
| 4 | 107/D | 116.85 | 5,890/11601100802 13-07-2016 | 7,362 | 1,472 | 20% വർദ്ധനവ് |
| | ആകെ കുറവ് | | | | 2,892 | |

1) മേൽ കെട്ടിടം 05-06-2012-നാണ് പൂർത്തീകരിച്ചിട്ടുള്ളത്. 2016-17 വർഷത്തിലെ വസ്തുനികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച തീയ്യതി മുതൽ വസ്തു നികുതി ഈടാക്കിട്ടിയില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നികുതിയും അതിൻമേലുള്ള സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായ കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുശാസിക്കുന്ന വിധത്തിൽ ഏതെങ്കിലും കെട്ടിടം പണിയുകയോ, പുതുക്കി പണിയുകയോ, കെട്ടിടത്തിൽ ആൾ താമസിക്കുകയോ, കെട്ടിടം മറ്റ് ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് നേരത്തെ സംഭവിക്കുന്നത്, ആ തീയതി മുതൽ പതിനഞ്ചു ദിവസത്തിനകം കെട്ടിട ഉടമ സെക്രട്ടറിക്ക് അത് സംബന്ധിച്ച നോട്ടീസും ചട്ടം11 പ്രകാരമുള്ള വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതും ആ അർദ്ധവർഷാരംഭം മുതൽ പുതുക്കിയ വാർഷിക വസ്തു നികുതി നൽകാൻ അയാൾ ബാദ്ധ്യസ്ഥനാണ്. വസ്തു നികുതി ഇപ്രകാരം ഈടാക്കാത്തതിനാൽ 57,844/- രൂപയുടെ നഷ്ടം ഈയിനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടായിട്ടുണ്ട്. (827+730+5542+7362=14,461*4=57,844) 2012-13 സാമ്പത്തിക വർഷം മുതലുള്ള വസ്തു നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 57,844/- രൂപയുടെ നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

2) 16-06-2016-ലെ സ.ഉ.(സാധാ)നമ്പർ 1923/16/തസ്വഭവ ഉത്തരവിൽ കെട്ടിട നിർമ്മാണം ക്രമവത്ക്കരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പ് വരുത്തിയതിന്റെ രേഖകൾ ഹാജരാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് തീരുമാന പ്രകാരമുള്ള വസ്തുനികുതി, സേവനനികുതി, ലൈബ്രറി സെസ് എന്നിവ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആകെ കുറവ് വന്ന 62,524/- രൂപ (1419+369+2892+57,844) രൂപ ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

14-01-2011 മുതൽ (വസ്തു നികുതി ചട്ടം പ്രാബല്യത്തിൽ വന്ന തീയതി) കെട്ടിട നമ്പർ നൽകിയിട്ടുള്ള 100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള മുഴവൻ വാണിജ്യ കെട്ടിടങ്ങളുടെയും നികുതി നിർണ്ണയം പുന:പരിശോധനക്ക് വിധേയമാക്കി നികുതിയിനത്തിൽ കുറവ് സംഭവിച്ചത് ഈടാക്കേണ്ടതാണ്.

## 2-2 ക്വാറികൾക്കും, ക്രഷർ യൂണിറ്റുകൾക്കും ലൈസൻസ് അനുവദിച്ചതിൽ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ ക്വാറികൾക്കും ക്രഷർ യൂണിറ്റുകൾക്കും ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചതായി ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1) 03-03-2016-ന് ബിജു ലൂക്കോസ് വരിക്കമാക്കൽ എന്നയാൾ കരിങ്കൽ ക്വാറി പ്രവർത്തിക്കുന്നതിന് 2016-17 വർഷത്തേക്കുള്ള ഡി&ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചതിനുള്ള തുടർ നടപടിയായി 28-05-2016-ലെ 85/16(7) നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരം കരിങ്കൽ ക്വാറിക്ക് ആവശ്യമായ രേഖകൾ പരിശോധിച്ച് ലൈസൻസ് പുതുക്കി നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ടിയാൻ നൽകിയ അപേക്ഷയിൽ അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ ബന്ധപ്പെട്ട വാർഡ്തല ഉദ്യോഗസ്ഥൻ അന്വേഷണം നടത്തുകയോ, അപേക്ഷയിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്, സെക്രട്ടറിയുടെ തീരുമാനം എന്നിവയൊന്നും രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഈ കാരണങ്ങളാൽ മേൽ സ്ഥാപനത്തിന് തുടർന്ന് പ്രവർത്തിക്കുന്നതിനുള്ള ലൈസൻസ് അനുവദിച്ചോ ഇല്ലയോ എന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ലൈസൻസ് ഇല്ലാതെ പ്രസ്തുത സ്ഥാപനം പ്രവർത്തിച്ചിട്ടില്ലായെന്ന് ഉറപ്പു വരുത്തുന്നതിന് ആധാരമായ രേഖകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല.

2) സി.ഹാരിസ്, മാനേജിംഗ് ഡയറക്ടർ മലബാർ സാന്റ് ആന്റ് സ്റ്റോൺ ക്രഷർ പ്രൈവറ്റ് ലിമിറ്റഡ് എന്നയാൾ (ഫയൽ നം.B2-1131/16) സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് ക്വാറി നടത്തുന്നതിനായി 2016-17 വർഷത്തേക്കുള്ള ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 29-02-2016-ന് പഞ്ചായത്തിൽ നൽകിയിട്ടുണ്ട്. ലൈസൻസ് കാലാവധി 05-07-2016 വരെയാണ്. എന്നാൽ ടിയാൻ നൽകിയ അപേക്ഷയിൽ അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ ബന്ധപ്പെട്ട വാർഡ്തല ഉദ്യോഗസ്ഥൻ അന്വേഷണം നടത്തുകയോ, അപേക്ഷയിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്, സെക്രട്ടറിയുടെ തീരുമാനം എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. മേൽ സ്ഥാപനം 06-07-2016 മുതൽ 31-03-2017 വരെ അനധികൃതമായി പ്രവർത്തിച്ചിട്ടില്ലായെന്ന് ഉറപ്പു വരുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) സി.ഹാരിസ്, മാനേജിംഗ് ഡയറക്ടർ മലബാർ സാന്റ് ആന്റ് സ്റ്റോൺ ക്രഷർ പ്രൈവറ്റ് ലിമിറ്റഡ് (ഫയൽ നം.B2.1131/16) എന്നയാൾ സ്റ്റോൺ ക്രഷർ നടത്തുന്നതിനായുള്ള ലൈസൻസിന്റെ കാലാവധി 31-12-2016 വരെയാണ് (പൊലൂഷൻ കൺട്രോൾ ബോർഡിന്റെ NOC ഇല്ലാത്തതിനാൽ). പിന്നീട് 13-02-2017 തീയതിയിൽ നൽകിയ ലൈസൻസ് പുതുക്കുന്നതിനുള്ള ടിയാന്റെ അപേക്ഷയിൻമേൽ ഒരു പുതിയ ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ പാലിക്കാതെ നേരത്തെ നൽകിയ ലൈസൻസ് 31-03-2017 വരെ ദീർഘിപ്പിച്ച് നൽകിയത് ക്രമപ്രകാരമല്ല. 336 എച്ച് പി മോട്ടോർ സ്ഥാപിച്ചിട്ടുള്ള പ്രസ്തുത സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ് ഇനത്തിൽ 3,360/- രൂപയും ബിലേറ്റഡ് ഫീസിനത്തിൽ 840/- രൂപയും ഉൾപ്പെടെ 4,200/- രൂപ (11501102131/29-02-2016) ഈടാക്കി പുതിയ ലൈസൻസ് നല്കാതെ നേരത്തെ നൽകിയ ലൈസൻസ് പുതുക്കി നൽകിയത് വഴി പഞ്ചായത്തിന് ലൈസൻസ് ഫീസിനത്തിൽ 4,200/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. 4,200/- രൂപയുടെ നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

01-01-2017 മുതൽ 15-02-2017 വരെ സ്റ്റോൺ ക്രഷർ യൂണിറ്റ് ലൈസൻസില്ലാതെ അനധികൃതമായി

പ്രവൃത്തിച്ചതിന് പിഴ ഈടാക്കിയിട്ടില്ല. 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232(1) പ്രകാരം ലൈസൻസ് കൂടാതെ ഏതൊരാവശ്യത്തിനും സ്ഥലം ഉപയോഗിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിനാൽ ലൈസൻസ് യഥാസമയം പുതുക്കാത്ത സ്ഥാപനങ്ങൾ ഈ കാലയളവിൽ ലൈസൻസില്ലാതെ പ്രവർത്തിച്ചതായി കണക്കാക്കി 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടം 26 പ്രകാരം ചട്ടങ്ങൾ ലംഘിക്കുന്നതിനുള്ള പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രസ്തുത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-7/16-09-17-ന് മറുപടിയിൽ പറഞ്ഞ കാര്യങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ലായെന്ന മാത്രമല്ല ഇവ തെളിയിക്കാൻ ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടുമില്ല. ആയതിനാൽ ക്വാറികൾക്കും സ്റ്റോൺ ക്രഷറുകൾക്കും ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ കുറ്റമറ്റതും സുതാര്യവുമാണെന്ന് ഉറപ്പു വരുത്തേണ്ടതും ഇതു സംബന്ധിച്ച മുഴുവൻ കാര്യങ്ങളും ഫയലിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 2-3 ഡി&ഒ ലൈസൻസ് ചുമത്തുന്നതിലെ അപാകങ്ങൾ

1) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള്ഷാപ്പുകൾ എന്നിവ ഡി&ഒ ലൈസൻസ് പരിധിയിലുൾപ്പെടുത്തിയിട്ടില്ല.

2) ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം:

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസം മുൻപായി പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2016-17 വർഷത്തിൽ, പഞ്ചായത്തിലെ ഭൂരിഭാഗം സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ യഥാസമയം നൽകിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ:-

| അപേക്ഷ ക്രമ നം. | അപേക്ഷകന്റെ പേര് | ലൈസൻസ് ആവശ്യം | അപേക്ഷ ലഭിച്ച തീയ്യതി | ലൈസൻസ് ഫീ, രശീതി നം., തീയ്യതി |
|---|---|---|---|---|
| 228 | സേവ്യർ എം.ടി. | പലചരക്ക് | 09-02-17 | 100/11601102023<br>09-02-17 |
| 229 | ജോസ് പി.എ | പലചരക്ക് | 14-02-17 | 100/11601102097<br>14-02-17 |
| 2126 | നാരായണൻ.പി | അനാദി | 09-02-17 | 50/11601102020<br>09-02-17 |
| 214 | കുട്ടിയമ്മ തോമസ് | അനാദി | 21-01-17 | 50/11601101991<br>21-01-17 |
| 192 | തോമസ്എൻ.സി. | ചായക്കട | 25-11-17 | 50/11601101641<br>25-11-17 |

ഇത് മേൽ ചട്ടങ്ങളിലെ ചട്ടം 5,10 എന്നിവയുടെ ലംഘനമാണ്. ഇപ്രകാരം ഡി&ഒ ലൈസൻസ് എടുക്കാതെ വർഷം മുഴുവനും പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിലെ വകുപ്പ് 255 പ്രകാരമുള്ള നടപടി (1996-ലെ കേരള പഞ്ചായത്ത് രാജ് ഡി&ഒ ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 2 കൂടി കാണുക) സ്വീകരിക്കേണ്ടതാണ്. മുഴുവൻ സ്ഥാപനങ്ങളും യഥാസമയം ലൈസൻസ് എടുക്കുന്നുണ്ട്/പുതുക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

3) ഡി & ഒ ലൈസൻസ് അപേക്ഷകൾ അപൂർണ്ണം:

2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് അനുവദിക്കുന്നതിന്/പുതുക്കുന്നതിന് ലഭിച്ച ചില അപേക്ഷകൾ മുഴുവനായി പൂരിപ്പിക്കുകയോ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്നു പരിശോധനയിൽ കാണുകയുണ്ടായി. ചട്ടപ്രകാരം സ്വീകരിക്കുന്ന അപേക്ഷകളിൽ അപേക്ഷകനെയും ലൈസൻസ് ആവശ്യമായ സ്ഥാപനത്തെ/സ്ഥലത്തെ സംബന്ധിച്ചും ഉണ്ടായിരിക്കേണ്ട അടിസ്ഥാന വിവരങ്ങൾ, ഒരു ദിവസത്തെ വിറ്റു വരവ്, അപേക്ഷിച്ച തീയ്യതി, അപേക്ഷകന്റെ സത്യപ്രസ്താവന എന്നിവ മുഴുവനായും രേഖപ്പെടുത്തിക്കാണുന്നില്ല. അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ ബന്ധപ്പെട്ട വാർഡ്തല ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സെക്രട്ടറി ഡി&ഒ ലൈസൻസ് അനുവദിക്കുകയോ പുതുക്കി നല്കുകയോ ചെയ്യേണ്ടത്. എന്നാൽ ലൈസൻസ് പുതുക്കി നല്കുന്നതിനുള്ള ചില അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും സെക്രട്ടറിയുടെ തീരുമാനവും രേഖപ്പെടുത്താതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ:

| അപേക്ഷ ക്രമ നമ്പർ | അപേക്ഷകന്റെ പേര് |
|---|---|
| 232 | പി.എ.തങ്കച്ചൻ |
| 223 | പി.എസ്.പ്രഭാകരൻ |
| 225 | ആന്റണി തോമസ് |
| 219 | തോമസ് പി.ടി. |
| 213 | ഷാജി തട്ടുങ്കൽ |

ഭാവിയിൽ ഡി&ഒ ലൈസൻസിനുള്ള അപേക്ഷകൾ സ്വീകരിക്കുമ്പോൾ മേൽ സൂചിപ്പിച്ച അപാകങ്ങൾ പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിക്കേണ്ട 24,250/- രൂപ ലഭിക്കുവാൻ നടപടി സ്വീകരിച്ചില്ല

2016-2017 വർഷത്തിൽ 4 പൊതുമരാമത്ത് മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇ-ടെണ്ടറിംഗ് നടത്തുമ്പോൾ ടെണ്ടർ ഫോം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ആണ് ഒടുക്ക് വരുത്തുന്നത്. പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫോറം വില തിരികെ ഈടാക്കിയിട്ടില്ല. ടെണ്ടർ ഫോം വിലയിനത്തിൽ തൻവർഷം 24,250/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഇപ്രകാരം നിക്ഷേപിക്കുകയുണ്ടായി. ടെണ്ടർ ഫോറം ഇനത്തിലുള്ള തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്ത പക്ഷം ടി തുക പഞ്ചായത്തിന് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകും. പ്രസ്തുത തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ | പ്രവൃത്തിയുടെ പേര് | കരാറുകാരുടെ | ടെണ്ടർ | ആകെ |
|---|---|---|---|---|

| നമ്പർ | | എണ്ണം | ഫോറം വില | |
|---|---|---|---|---|
| 1 | ഹോമിയോ & ആയുർവ്വേദാശുപത്രി കെട്ടിട നിർമ്മാണം (പ്രൊജക്ട് നമ്പർ-169/17) | 4 | 2,500 | 10,000 |
| 2 | ഉദയഗിരി പി എച്ച് സി കെട്ടിടനിർമ്മാണം (പ്രൊജക്ട് നമ്പർ-170/17) | 3 | 2,500 | 7,500 |
| 3 | മണക്കടവ് പി എച്ച് സി കെട്ടിടം പുനരുദ്ധാരണം (പ്രൊജക്ട് നമ്പർ-160/17) | 2 | 2,500 | 5,000 |
| 4 | മാലിന്യസംസ്കരണം കെട്ടിടനിർമ്മാണം (പ്രൊജക്ട് നമ്പർ-136/17) | 1 | 1,750 | 1,750 |
| | ആകെ | | | 24,250 |

## 2-5 കാർത്തികപുരം പാറോത്തുംമല-മാവുംതട്ട്-പൂവൻചാൽ റോഡരികിലൂടെ 5.8 കി.മീ ഒപ്റ്റിക്കൽ ഫൈബർ കേബിളിടൽ പ്രവൃത്തി-റോഡ് റെസ്റ്റോറേഷൻ ചാർജ്ജ്- യൂസർ ഫീസ് ഈടാക്കാത്തതിനാൽ നഷ്ടം

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റോഡുകൾ മുറിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും മൊബൈൽ കമ്പനികൾക്ക് കേബിൾ ഇടുന്നതിനും ഗ്രാമപഞ്ചായത്ത് അനുമതി നൽകുന്നുവെങ്കിലും ഗ്രാമപഞ്ചായത്തിന്റെ സ്ഥലം ഉപയോഗിക്കുന്നതിനുള്ള യൂസർ ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ എൽഎസ്ജിഡി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ റോഡിൽ കുഴിയെടുക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും റോഡ് പുനർനിർമ്മാണച്ചെലവിനത്തിൽ (restoration charge) എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അപേക്ഷകരിൽ നിന്ന് ഈടാക്കുകയുമാണ് ചെയ്തു വരുന്നത്. അപേക്ഷകരിൽ നിന്ന് ഡെപ്പോസിറ്റ്/ലൈസൻസ് ഈടാക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ സ്ഥലം സ്ഥിരമായി ഉപയോഗിക്കുന്നതിന് അപേക്ഷകരിൽ നിന്ന് യൂസർ ചാർജ്ജ് ഈടാക്കാത്തതും അപാകമാണ്. (2005-ലെ കേരളപഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ കാണുക).

റോഡ് കട്ടിംഗ് - റോഡ് റസ്റ്റൊറേഷൻ ചാർജ്ജായി റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് 4,31,161/- രൂപ (എസ്റ്റിമേറ്റ് പ്രകാരം കാർത്തികപുരം പാറോത്തുംമല-മാവുംതട്ട്-പൂവൻചാൽ റോഡരികിലൂടെ 5.8 കി.മീ ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന്) ഒടുക്കിയിട്ടുണ്ട്. പ്രസ്തുത തുക റോഡ് റസ്റ്റോറേഷൻ ചാർജ്ജിനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിശ്ചയിച്ച നിരക്ക് മാത്രമാണ്. സ്ഥാപനത്തിൽ നിന്ന് മീറ്ററിന് 50/- രൂപ നിരക്കിൽ ബാങ്ക് ഗ്യാരണ്ടി ഈടാക്കാത്തതും വിവര സാങ്കേതിക വകുപ്പിൽ നിന്ന് കേബിൾ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്താത്തതും അപാകമാണ്. വിവരസാങ്കേതിക വകുപ്പിൽ കിലോമീറ്ററിന് 75,000/- രൂപ നിരക്കിൽ തുക ഒടുക്കി എഗ്രിമെന്റ് ഒപ്പിട്ട ശേഷം മാത്രമേ സ്വകാര്യ കമ്പനികൾക്ക് ഒഎഫ്സി സ്ഥാപിക്കുന്നതിനുള്ള ആർഡബ്ല്യു (Right of Way) അനുമതി ലഭിക്കുകയുള്ളൂ എന്നതിനാലും പ്രസ്തുത അനുമതിയില്ലാതെ ഈ ആവശ്യത്തിനായി റോഡ് മുറിക്കുന്നതിനുള്ള അനുമതി നല്കാവുന്നതല്ലെന്നതിനാലും നടപടിക്രമങ്ങളിൽ വീഴ്ച്ച വന്നതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ഇതു സംബന്ധിച്ച രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. (GO(MS)12/2012/ITD 07.08.12, GO(MS)39/2015/ITD 15.09.15, GO(MS)11/2017/ITD 30.05.17 ഇവ കാണുക).

കൂടാതെ റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കേണ്ടത് MORTH സ്പെസിഫിക്കേഷൻ അടിസ്ഥാനമാക്കിയാണെന്നും റോഡ് സൈഡ് ശരിയായ രീതിയിൽ അമർത്തി പൂർവ്വസ്ഥിതിയിലാക്കിയെന്ന സാങ്കേതിക വിഭാഗത്തിന്റെ സർട്ടിഫിക്കറ്റ് ഹാജരാകുന്ന മുറയ്ക്ക് മാത്രമേ ബാങ്ക് ഗ്യാരണ്ടി തിരികെ നല്കാവൂ എന്നും റോഡിന്റെ ഭാഗം ഉപയോഗിക്കുന്നതിന് തദ്ദേശ സ്ഥാപനത്തിന് വാടക/യൂസർ ചാർജ്ജ് നിശ്ചയിക്കാവുന്നതാണെന്നും പ്രസ്തുത ഉത്തരവുകളിൽ നിർദ്ദേശമുണ്ട്. എന്നാൽ ആയവ പാലിക്കപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16-02-17-ലെ തീരുമാനം നമ്പർ 24/17(4) നമ്പർ തീരുമാന പ്രകാരം റോഡ് മുറിക്കുന്നതിന് അനുമതി നല്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ യൂസർ ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. യൂസർ ഫീസ് ഈടാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിനുണ്ടായുണ്ടായ വരുമാന നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തെരുവ് വിളക്ക് സ്ഥാപിക്കൽ പ്രൊജക്റ്റ് നിർവഹണത്തിലെ ക്രമക്കേടുകൾ - പരമാവധി വിൽപ്പന വില (MRP)1,850/-രൂപയുള്ള എൽഇഡി ബൾബിന് 2,200/-രൂപ നൽകി.പരമാവധി വിൽപ്പന വിലയിലും അധികം കരാറുകാരന് നൽകിയ 52,500/- രൂപ പലിശ സഹിതം ഈടാക്കേണ്ടതാണ്

| | | | |
|---|---|---|---|
| 1 | നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| | പ്രോജക്റ്റ് നമ്പർ/പേര് | 140/17, തെരുവ് വിളക്ക് സ്ഥാപിക്കൽ | |
| | അടങ്കൽ | 5,88,750 | 5,66,250/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>22,500/- (തനത് ഫണ്ട്) |
| | ചെലവ് | 4,27,500 | ബിൽ നം./തീയ്യതി/തുക<br>27/31-03-2017 – 4,27,500/- |

മേൽ പട്ടികയിൽ പരാമർശിച്ച പ്രോജക്റ്റ് പ്രകാരം ഉദയഗിരി ഗ്രാമപഞ്ചായത്തിൽ 150 എൽഇഡി ബൾബുകൾ സ്ഥാപിക്കുന്നതിലേക്കായി സ്ഥാപിക്കുന്നതിനായി എലൈറ്റ് ഇലക്ട്രിക്കൽസ്, ചക്കരക്കൽ എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നല്കുകയും താഴെ കൊടുത്തിരിക്കുന്ന ഇൻവോയ്സ് നം.115/24-03-2017 പ്രകാരമുള്ള തുകയായ 4,27,500/- രൂപ മേൽ പരാമർശിച്ച ബിൽ പ്രകാരം പിൻവലിച്ച് 3,97,500/- രൂപ എലൈറ്റ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്കും 30,000/- രൂപ ഉദയഗിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ട്രഷറി ടിഎസ്ബി അക്കൗണ്ടിലേക്കും ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | തരം | ഇൻവോയ്സ് പ്രകാരം വില |
|---|---|---|
| 1 | 150 എണ്ണം 15W LED തെരുവ് വിളക്കുകൾ | 3,14,284.5 |
| 2 | ഫിറ്റിംഗ് പൈപ്പ്, ക്ലാമ്പ്, നട്ട്, ബോൾട്ട് | 64,285.5 |
| 3 | ഫിറ്റിംഗ് ചാർജ്ജ് | 30,000 |
| 4 | ടാക്സ് | 18,930 |
| | ആകെ | 4,27,500 |

പദ്ധതിയുടെ ഭാഗമായി നടത്തിയ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ നിരക്ക് ഒരു ബൾബിന് 2,200/- രൂപയാണ്. എന്നാൽ മേൽ കൊടുത്തിരിക്കുന്ന ഇൻവോയ്സ് പ്രകാരം കരാറുകാരൻ സപ്ലൈ ചെയ്ത് പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള ഫിലിപ്പ് എൽ.ഇ.ഡി 15 W ബൾബിന്റെ പരമാവധി വിൽപ്പന വിലയായി രേഖപ്പെടുത്തിയ തുക ഒരു എണ്ണത്തിന് 1,850/- രൂപയാണ്. പരമാവധി വിൽപ്പന വില കണക്കിലെടുത്താൽ തന്നെ ഒരു എണ്ണത്തിന് 350/- രൂപ വീതം 150 ബൾബുകൾക്ക് 52,500/- രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ 52,500/- രൂപ ഉത്തരവാദിയായ വ്യക്തിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അപാകങ്ങൾക്ക് വിശദീകരണം നൽകാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/16-17/22-09-2017) നൽകിയ മറുപടിക്ക് ഓൺസൈറ്റ് വാറന്റിക്ക് ചാർജ്ജായിട്ടാണ് 350/- രൂപ അധികം നല്കിയത് എന്നാണ്. ടെണ്ടർ വ്യവസ്ഥകളിലോ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിലോ രേഖപ്പെടുത്താതെയോ ഓൺസൈറ്റ് വാറന്റിക്കായി 350/- രൂപ വീതം 150 ബൾബുകൾക്ക് അധികമായി നൽകിയ 52,500/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. വാറന്റി സംബന്ധിച്ച് കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെട്ടതായും കാണുന്നില്ല.

2) പദ്ധതിയുമായി ബന്ധപ്പെട്ട് വാങ്ങിയിട്ടുള്ള 150 എണ്ണം 15W LED തെരുവ് വിളക്കുകൾ സ്ഥാപിക്കാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. 24-03-2017 തീയ്യതി വാങ്ങിയ വിളക്കുകൾ സ്ഥാപിക്കാത്തതു കാരണം അവയ്ക്ക് ലഭിക്കേണ്ടിയിരുന്ന വാറന്റി പ്രയോജനപ്പെടുത്താൻ/ഉപയോഗപ്പെടുത്താൻ സാധിക്കാതെ വരുന്നു. നിലവിൽ 6 മാസത്തെ വാറന്റി കാലയളവ് ഉപകരണങ്ങൾക്ക് നഷ്ടമായിട്ടുണ്ട്. വാറന്റി കാലയളവ് നഷ്ടമായതിന് ഉചിതമായ നഷ്ടപരിഹാരം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

3) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും മേൽ ബിൽ പ്രകാരം പിൻവലിച്ച തുകയിൽ 30,000/- രൂപ ചെലവാക്കാതെ സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി ടിഎസ്ബി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുകയാണ്. പ്രസ്തുത നടപടി വിനിയോഗിക്കാത്ത ഫണ്ടുകൾ അതാത് ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തിരിച്ചടക്കണം എന്ന ജി.ഒ.(പി) 177/2006/ധന/12-04-2006 നമ്പർ ഉത്തരവിലെ (ഖ.10) നിബന്ധനകൾക്ക് വിരുദ്ധമാണ്.

4) എഗ്രിമെന്റ് പ്രകാരം ബൾബുകൾ സ്ഥാപിച്ചതിന് ശേഷമാണ് തുക നല്കേണ്ടിയിരുന്നത്. പ്രവൃത്തി പൂർത്തിയാക്കുന്നതിന് മുമ്പായി തുക നൽകി.

5) ബില്ലിൽ രേഖപ്പെടുത്തിയ LED street light BRPO40 15W തന്നെയാണോ സപ്ലൈ ചെയ്തതെന്ന് ക്ഷമതയുള്ള പിഡബ്ല്യുഡി ഇലക്ട്രോണിക്സ് വിഭാഗം എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പ്രവൃത്തി നിർവ്വഹണത്തിൽ മേൽ സൂചിപ്പിച്ച ക്രമക്കേടുകൾ ഉള്ളതിനാൽ 52,500/- രൂപയുടെ അംഗീകരിക്കാത്ത ചെലവ് കഴിച്ച് ബാക്കി വരുന്ന 3,75,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി പ്രൊജക്ട് നിർവ്വഹണത്തിലെ ക്രമക്കേടുകൾ മൂലം പഞ്ചായത്തിനുണ്ടായ കൂടുതൽ നഷ്ടം ഈടാക്കുന്നതിന് ഇക്കാര്യം ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 തെരുവ് വിളക്ക് റിപ്പയർ - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ -ചെലവ് തുക തടസ്സപ്പെടുത്തുന്നു

<table>
<tr><td rowspan="5">1</td><td>നിർവ്വഹണ ഉദ്യോഗസ്ഥൻ</td><td colspan="2">സെക്രട്ടറി</td></tr>
<tr><td>പ്രോജക്ട് നമ്പർ, പേര്</td><td colspan="2">22/17 തെരുവ് വിളക്ക് റിപ്പയർ</td></tr>
<tr><td>അടങ്കൽ</td><td colspan="2">25,000/- വികസനം (സാധാരണം)</td></tr>
<tr><td rowspan="2">ചെലവ്</td><td rowspan="2">25,000/-</td><td>വൗച്ചർ നം./തിയ്യതി</td></tr>
<tr><td>21600549/21-11-2016</td></tr>
</table>

മേൽ പ്രൊജക്ട പ്രകാരം തെരുവ് വിളക്ക് റിപ്പയർ ചെയ്തതിന് ശ്രീ.കെ.എം.ജോസഫ് എന്നയാൾക്ക് 102 വിളക്കുകൾ റിപ്പയർ ചെയ്തിട്ടുണ്ടെന്ന് 06-10-2016-ന് സമർപ്പിച്ച സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 25,000/- രൂപ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ

1) പഞ്ചായത്തിലെ 15 വാർഡുകളിൽ 13 (4,13 ഒഴികെ) വാർഡുകളിലെ മെമ്പർമാർ വിളക്കുകൾ റിപ്പയർ ചെയ്തിട്ടുണ്ടെന്ന സാക്ഷ്യപത്രത്തിൽ എത്ര വിളക്കുകൾ റിപ്പയർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടില്ല.

2) പദ്ധതിയുമായി ബന്ധപ്പെട്ട് അംഗീകരിച്ച പ്രൊജക്ട് ഹാജരാക്കാത്തതിനാൽ ഏത് രീതിയിലുള്ള പദ്ധതി നിർവ്വഹണമാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമല്ല.

3) തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

4) കെ.എം.ജോസഫുമായി തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ കരാർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5) ഒരു വിളക്ക് റിപ്പയർ ചെയ്യുന്നതിന് കരാർ പ്രകാരം അംഗീകരിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ പരാമർശിച്ച അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് അന്വേഷണം നം.22/16-17) നൽകിയെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല. ആയതിനാൽ മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 25,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 തെരുവ് വിളക്ക് റിപ്പയർ( (എഎംസി)- തുക അഡ്വാൻസായി നൽകാവുന്നതല്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു

<table>
<tr><td>നിർവ്വഹണ ഉദ്യോഗസ്ഥൻ</td><td colspan="2">സെക്രട്ടറി</td></tr>
<tr><td>പ്രോജക്ട് നമ്പർ പേര്</td><td colspan="2">171/17 തെരുവ് വിളക്ക് റിപ്പയർ (എഎംസി)</td></tr>
<tr><td>അടങ്കൽ</td><td colspan="2">50,000/- (തനത്)</td></tr>
<tr><td rowspan="2">ചെലവ്</td><td rowspan="2">25,00/-</td><td>വൗച്ചർ നം./തീയ്യതി</td></tr>
<tr><td>21600999/31-03-2017</td></tr>
</table>

മേൽ പ്രൊജക്ട പ്രകാരം തെരുവ് വിളക്ക് റിപ്പയർ ചെയ്തതിന് ശ്രീ.കെ.എം.ജോസഫിന്റെ അക്കൗണ്ടിലേക്ക് അഡ്വാൻസായി 25,000/- രൂപ നൽകിയിട്ടുണ്ട്. (ചെക്ക് നം.1537475/31-03-2017). എഎംസി യുമായി ബന്ധപ്പെട്ട പദ്ധതി നിർവ്വഹണത്തിൽ സംഭവിച്ചിട്ടുള്ള താഴെ കൊടുത്തിരിക്കുന്ന പ്രകാരമുള്ള അപാകങ്ങൾ പരിഹരിക്കേണ്ടതും ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1) തെരുവ് വിളക്ക് എഎംസി യുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയിട്ടുള്ള കരാറിലെ വ്യവസ്ഥകളിൽ നിന്ന് വ്യത്യസ്തമായി 25,000/- രൂപ അഡ്വാൻസായി അനുവദിച്ചു.

2) അനുവദിച്ച തുക അഡ്വാൻസ് ഇനത്തിൽ ഉൾപ്പെടുത്തി ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3) പഞ്ചായത്ത് പരിധിയിലുള്ള എത്ര ബൾബുകൾ റിപ്പയർ ചെയ്യുന്നതിനാണ് പദ്ധതി പ്രകാരം കരാറിലേർപ്പെട്ടിട്ടുള്ളത് എന്ന് എഗ്രിമെന്റിൽ വ്യക്തമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച അപാകങ്ങളുള്ളതിനാൽ 25,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 അഡ്വാൻസുകൾ സമയ പരിധിക്കകം ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

2016-2017 വർഷം അഡ്വാൻസ് ഇനത്തിൽ താഴെപ്പറയുന്ന ജീവനക്കാർക്ക്/ഭരണസമിതി അംഗങ്ങൾക്ക് അനുവദിച്ച അഡ്വാൻസ് ഓഡിറ്റ് തിയ്യതി വരെയും ക്രമീകരിച്ചിട്ടില്ല. വിവിധ ആവശ്യങ്ങൾക്ക് അനുവദിക്കുന്ന അഡ്വാൻസുകൾ സമയപരിധിക്കകം ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 8/2016-17/19-09-2017). സ.ഉ.(പി)നം.419/2011 /ഫിൻ. തീയതി 04-10-2011 പ്രകാരം അഡ്വാൻസ് തുക 18% പലിശ സഹിതം തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | പേര്, ഉദ്യോഗപ്പേര് | അഡ്വാൻസ് തുക/നൽകിയ തീയതി | ക്രമീകരിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | നാരായണൻകുട്ടി.ഡി, സെക്രട്ടറി | 15,000/-, 05-09-2016 | 3,000/- |
| 2 | സിജോജോർജ്ജ്തുണ്ടിയിൽ | 1500/-, 11-07-2016 | ക്രമീകരിച്ചിട്ടില്ല |

## 3-5 റോഡ് പ്രവൃത്തികൾക്കാവശ്യമായ ബിറ്റുമിനും എമൽഷനും വാങ്ങി നൽകൽ -അധികം നൽകിയ 35,910/- രൂപ ഈടാക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വസിഷൻ പ്രകാരം റോഡ് ടാറിംഗ്, റീ ടാറിംഗ് പ്രവൃത്തികൾക്കാവശ്യമായ ബിറ്റുമിൻ, എമൽഷൻ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. വിവിധ റോഡ് പ്രവൃത്തികൾക്കാവശ്യമായ ബിറ്റുമിന്റെയും എമൽഷന്റെയും തുക കണക്കാക്കി അസിസ്റ്റന്റ് എഞ്ചിനീയർ ബില്ലുകൾ പ്രകാരം ട്രഷറിയിൽ നിന്ന് തുകകൾ പിൻവലിക്കുകയും പ്രസ്തുത തുകകൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ച ശേഷം മൊത്തം തുക സെക്രട്ടറിക്ക് ചെക്കായി നൽകുകയാണ് ചെയ്തത്. ബിറ്റുമിൻ വാങ്ങൽ നടപടികൾ സെക്രട്ടറിയാണ് നടത്തിയത്.

1. ബി പി സി എല്ലിന് അധികം നൽകിയ 31,910/- രൂപ തിരിച്ചു ലഭിച്ചില്ല:

റോഡ് പ്രവൃത്തികൾക്കാവശ്യമായ 50.388 മെട്രിക് ടൺ (323 ബാരൽ) VG-30 ബിറ്റുമിൻ, 5.824 മെട്രിക് ടൺ RS-1 എമൽഷൻ (32ബാരൽ) എന്നിവ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചി എന്ന പൊതുമേഖല സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയത്. ഇതിനായി 19,60,022/- രൂപ വൗച്ചർ നമ്പർ 21600991 തീയതി 31-03-2017 പ്രകാരം മുൻകൂറായി അനുവദിക്കുകയുണ്ടായി. എന്നാൽ ഇൻവോയ്സുകൾ പ്രകാരം 2017 ഏപ്രിൽ മാസത്തിൽ സപ്ലൈ ചെയ്ത ബിറ്റുമിന്റെയും RS-1 എമൽഷന്റെയും വില 19,28,112/- രൂപ മാത്രമാണ്. ബിപിസിഎല്ലിന് അധികം നൽകിയ 31,910/- രൂപ നാളിതു വരെ ഗ്രാമപഞ്ചായത്തിന് തിരിച്ചു ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ/തീയതി | ബിറ്റുമിന്റെ അളവ് (MT) | എമൽഷന്റെ അളവ് | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 6300002141/07-04-2017 | 18.72 | | 6,38,758 |
| 2 | 6300002949/10-04-2017 | 9.828 | | 3,35,348 |
| 3 | 6300003299/11-04-2017 | 18.72 | | 6,38,758 |
| 4 | 6300006020/19-04-2017 | 3.12 | | 1,00,559 |
| 5 | 6300002954/10-04-2017 | | 5.824 | 2,14,689 |
| | ആകെ | 50.388MT<br>(323 ബാരൽ) | 5.824MT<br>(32 ബാരൽ) | 19,28,112 |

2. SS-1 ഇമൽഷൻ വാങ്ങൽ-ഹിന്ദുസ്ഥാൻ കോളാസ് പ്രൈവറ്റ് ലിമിറ്റഡിന് 4,060/- രൂപ അധികം നൽകിയത് ഈടാക്കേണ്ടതാണ്:

റോഡ് പ്രവൃത്തികളിൽ ബിറ്റുമിനോടൊപ്പം ചേർക്കേണ്ട എസ്.എസ് 1 എമൽഷൻ വാങ്ങിയത് ഹിന്ദുസ്ഥാൻ കോളാസ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നാണ്. 1,92,707/- രൂപ വൗച്ചർ നമ്പർ -21600992/31-03-2017 പ്രകാരം മുൻകൂറായി അനുവദിക്കുകയുണ്ടായി. ഇൻവോയ്സുകൾ പ്രകാരം സപ്ലൈ ചെയ്ത എമൽഷന്റെ വില 1,88,647/- രൂപയാണ്. അധികം നൽകിയ 4,060/- രൂപ തിരികെ ഈടാക്കേണ്ടതാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ/തീയതി | ഇമൽഷന്റെ അളവ് (MT) | തുക |
|---|---|---|---|
| 1 | 4800/27-04-2017 | 2.912MT (16 ബാരൽ) | 1,88,647 |
| | ആകെ | | 1,88,647 |

ആകെ അധികം നൽകിയ 35,910/- രൂപ (31,910+4,060) ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. 35,910/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3. ബിറ്റുമിൻ ട്രാൻസ്പോർട്ടേഷൻ നടത്തിയതിന്റെ വിശദാംശങ്ങൾ അറിയിച്ചിട്ടില്ല.

## 3-6 സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടതിന് ശേഷവും ഗുണഭോക്താക്കളുടെ പെൻഷൻ തുക അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്നു

ഡി.ബി.ടി. സമ്പ്രദായത്തിലൂടെയുള്ള പെൻഷൻ വിതരണത്തിൽ പെൻഷൻ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയാണ്. ഗുണഭോക്താക്കൾ മരണപ്പെട്ടു പോയാലും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളത്. എ.ടി.എം. സൗകര്യമുള്ളതിനാൽ അവകാശികൾക്ക് പെൻഷൻ തുക പിൻവലിക്കുവാനും സാധിക്കും. പെൻഷനർ മരിച്ച് മാസങ്ങൾ കഴിഞ്ഞതിന് ശേഷമാണ് ബന്ധുക്കൾ ഗ്രാമപഞ്ചായത്തിനെ വിവരം രേഖാമൂലം അറിയിക്കുന്നത്. പെൻഷനർ മരിച്ചതായി രേഖാമൂലം റിപ്പോർട്ട് ലഭിച്ച കേസുകളിൽ മരിച്ച വിവരം ലഭിച്ച മാസമോ തൊട്ടടുത്ത തീയതികളിലായോ ഗ്രാമപഞ്ചായത്ത് പെൻഷൻ തുക സസ്പെൻഡ് ചെയ്തിട്ടുണ്ട് (സേവന സോഫ്റ്റ്‌വെയറിൽ). പെൻഷനർ മരണപ്പെട്ട വിവരം ഗ്രാമപഞ്ചായത്തിനെ

അറിയിക്കാത്തത് മൂലമോ വൈകി അറിയിക്കുന്നത് മൂലമോ മരണപ്പെട്ട തീയതിക്ക് ശേഷവും പെൻഷൻ തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്നതിനും എടിഎം കാർഡ് ഉപയോഗിച്ചോ മറ്റ് മാർഗ്ഗങ്ങൾ വഴിയോ പെൻഷൻ പിൻവലിക്കുവാനും സാധിക്കുന്നതായി വ്യക്തമാണ്. സേവന സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമാക്കിയ സസ്പെൻഷൻ ലിസ്റ്റ് പരിശോധന നടത്തിയതിൽ പെൻഷനർ മരിച്ച ശേഷവും പെൻഷൻ തുക വാങ്ങിയതായി/അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി കണ്ടെത്തുകയുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പെൻഷനറുടെ പേര്/ഐ.ഡി. നമ്പർ | പെൻഷനർ മരിച്ച തീയതി (ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ) | പെൻഷൻ മാസം | മരിച്ച തീയതിക്ക് ശേഷം പെൻഷനറുടെ ബാങ്ക്/പോസ്റ്റാഫീസ് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത പെൻഷൻ തുക |
|---|---|---|---|---|
| 1 | പി.എ.തോമസ്<br>111190400129<br>(ശാരീരികമായി വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ) | 25-04-2016 | 05/16മുതൽ 09/16 വരെ | 7,000 |
| 2 | കമലാക്ഷി അഴകാത്ത്<br>111190100188<br>(കർഷകതൊഴിലാളി പെൻഷൻ) | 30-01-2017 | 01/17 മുതൽ 03/17 വരെ | 3,000 |
| 3 | പാറു നെട്ടൂർ<br>111190100013<br>(കർഷകതൊഴിലാളി പെൻഷൻ) | 28-09-2016 | 10/16 മുതൽ 03/17 വരെ | 6,000 |
| 4 | കൃഷ്ണൻ പാട്ടവേലിൽ<br>111190200682<br>(ഇന്ദിരാഗാന്ധി ദേശിയവാർദ്ധക്യകാല പെൻഷൻ) | 29-12-2016 | 01/17 മുതൽ 03/17 വരെ | 1,800 |
| 5 | എലിക്കുട്ടി മത്തായി<br>111190200670 | 17-01-2017 | 02/17 മുതൽ 03/17 വരെ | 3,000 |

| | | | | |
|---|---|---|---|---|
| | (ഇന്ദിരാഗാന്ധി ദേശീയവാർദ്ധക്യകാല പെൻഷൻ) | | | |
| 6 | രാഘവൻ പറമ്പിത്തറ<br>111190200103<br>(ഇന്ദിരാഗാന്ധി ദേശീയവാർദ്ധക്യകാല പെൻഷൻ) | 02-12-2016 | 01/17 മുതൽ 03/17 വരെ | 3,000 |
| 7 | നാരായണൻ ഓർക്കയത്ത്<br>111190201794<br>(ഇന്ദിരാഗാന്ധി ദേശീയവാർദ്ധക്യകാല പെൻഷൻ) | 23-07-2016 | 08/16മുതൽ 09/16 വരെ | 2,200 |
| 8 | മറിയം, മുഖാലേയിൽ വീട്<br>111190201617<br>(ഇന്ദിരാഗാന്ധി ദേശീയവാർദ്ധക്യകാല പെൻഷൻ) | 21-05-2016 | 06/16 | 1,500 |
| 10 | കാർത്ത്യായനിയമ്മ<br>111190201092<br>(ഇന്ദിരാഗാന്ധി ദേശീയവാർദ്ധക്യകാല പെൻഷൻ) | 09-05-2016 | 06/16 | 1,500 |
| 11 | അമ്മിണി വൈദ്യശാലപറമ്പിൽ<br>111190200373<br>(ഇന്ദിരാഗാന്ധി ദേശീയവാർദ്ധക്യകാല പെൻഷൻ) | 28-02-2016 | 03/16 | 600 |

| | | | | |
|---|---|---|---|---|
| 12 | കാർത്ത്യായനി ശങ്കരൻ<br>111190200051<br>(ഇന്ദിരാഗാന്ധി ദേശിയവാർദ്ധക്യകാല പെൻഷൻ) | 22-02-2016 | 03/16 | 1,200 |
| 13 | കാർത്ത്യായനിയമ്മ പരമേശ്വരൻ<br>111190200030<br>(ഇന്ദിരാഗാന്ധി ദേശിയവാർദ്ധക്യകാല പെൻഷൻ) | 13-02-2016 | 03/16 | 1,200 |
| 14 | ജോസഫ് പുളിക്കൽ<br>111190200556<br>(ഇന്ദിരാഗാന്ധി ദേശിയവാർദ്ധക്യകാല പെൻഷൻ) | 27-01-2016 | 02/16 & 03/16 | 2,400 |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ മരിച്ചതായി ഗ്രാമപഞ്ചായത്തിന് അറിവുണ്ടായിട്ടും അധികം വാങ്ങിയ പെൻഷൻ തുക അവകാശികളിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഇത്തരത്തിൽ പെൻഷൻ തുക വിതരണം ചെയ്യപ്പെടുന്ന സാഹചര്യം ഒഴിവാക്കുവാൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 3-7 കെ.എൽ..ജി.എസ്.ഡി.പി. തദ്ദേശമിത്രം പ്രൊജക്ടുകൾ-സ്ട്രക്ചറൽ ഡിസൈൻ ചാർജിനത്തിൽ 92,500/- രൂപയുടെ അധിക ചെലവ്

പിന്നോക്ക പഞ്ചായത്തുകൾക്കുള്ള പ്രത്യേക ധനസഹായപദ്ധതിയിലുൾപ്പെടുത്തി കെ.എൽ.ജി.എസ്.ഡി.പി. തദ്ദേശമിത്രം ഫണ്ടിൽ നിന്നും ഉദയഗിരി ഗ്രാമപഞ്ചായത്തിന് അനുവദിച്ച 2 കോടി രൂപയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന താഴെപ്പറയുന്ന പ്രൊജക്ടുകളിൽ സ്ട്രക്ചറൽ ഡിസൈൻ, സർവ്വെ, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നിവയ്ക്കായി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന് (CENTRE FOR CONTINUING EDUCATION) 7,13,805/- രൂപ അനുവദിച്ചിട്ടുണ്ട്.

നിർവഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

| ക്രമ നമ്പർ | പ്രൊജക്ട് വിവരങ്ങൾ | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | ഹോമിയോ-ആയുർവേദാശുപത്രി കെട്ടിടനിർമ്മാണം,<br>പ്രൊജക്ട് നമ്പർ - 169/17<br>അടങ്കൽ തുക - 94 ലക്ഷം രൂപ | 94,00,000 |

| | | |
|---|---|---|
| 2 | ഉദയഗിരി പിഎച്ച്സി കെട്ടിട നിർമ്മാണം,<br>പ്രൊജക്റ്റ് നമ്പർ - 170/17<br>അടങ്കൽ തുക - 84 ലക്ഷം രൂപ | 84,00,000 |

18-10-2016 തീയതിയിലെ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് CENTRE FOR CONTINUING EDUCATION, മാനേജർ അയച്ച കത്ത് പ്രകാരം (ഫയൽ നം.എ1-4805/16/26-10-2016) ആവശ്യപ്പെട്ട തുക താഴെപ്പറയും പ്രകാരമാണ്.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | സർവ്വെ വർക്ക് & സോയിൽ എക്സ്പ്ലോറേഷൻ | 43,200 |
| 2 | സർവ്വെ & സോയിൽ ഇൻവെസ്റ്റിഗേഷൻ കൺസൽട്ടേഷൻ ചാർജ്ജസ് | 40,000 |
| 3 | സ്ട്രക്ചറൽ ഡിസൈൻ ചാർജ്ജസ് | 5,37,500 |
| 4 | സർവ്വീസ് ടാക്സ് @15% (1+2+3) | 93,105 |
| | ആകെ | 7,13,805 |

ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന് (CENTRE FOR CONTINUING EDUCATION) അനുവദിച്ച തുകയുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 09/21-03-2017 | 3,57,000 | ഹോമിയോ-ആയുർവേദാശുപത്രി കെട്ടിട നിർമ്മാണം,<br>പ്രൊജക്റ്റ് നമ്പർ – 169/17 |
| 2 | 10/21-03-2017 | 3,31,250 | ഉദയഗിരി പി എച്ച് സി കെട്ടിട നിർമ്മാണം,<br>പ്രൊജക്റ്റ് നമ്പർ –170/17 |
| 3 | 08/21-03-2017 | 25,555 | -ടി- |
| | ആകെ | 7,13,805 | |

എസ്റ്റിമേറ്റ് തുകയുടെ 2.5% ആണ് സ്ട്രക്ചറൽ ഡിസൈൻ ചാർജ്ജസ് ഇനത്തിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് നേരത്തെ ആവശ്യപ്പെട്ടിരുന്നത് (ഫയൽ നം.എ1-3529/16/16-08-16). ഇതു പ്രകാരം സ്ട്രക്ചറൽ ഡിസൈൻ ചാർജ്ജസ് ഇനത്തിൽ 4,45,000/- രൂപയാണ് അനുവദിക്കേണ്ടിയിരുന്നത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് പേര് | എസ്റ്റിമേറ്റ് തുക | സ്ട്രക്ചറൽ ഡിസൈൻ ചാർജ് ഇനത്തിൽ | | |
|---|---|---|---|---|---|
| | | | അനുവദിക്കേണ്ടത് | അനുവദിച്ചത് | അധികം |
| 1 | ഹോമിയോ – ആയുർവേദാശുപത്രി കെട്ടിട നിർമ്മാണം | 94,00,000 | 2,35,000 | | |

| | | | | | |
|---|---|---|---|---|---|
| 2 | ഉദയഗിരി പിഎച്ച്സി കെട്ടിട നിർമ്മാണം, | 84,00,000 | 2,10,0000 | | |
| | | | 4,45,000 | 5,37,500 | 92,500 |

സ്ട്രക്ചറൽ ഡിസൈൻ ചാർജ്ജസ് ഇനത്തിൽ 92,500/- രൂപ അധികം നല്കിയത് അംഗീകരിക്കുന്നില്ല. കൂടാതെ ആദായ നികുതി ഈടാക്കാതെ തുക നൽകിയത് സംബന്ധിച്ചും സർവ്വീസ് ടാക്സ് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ചും മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-8 ഹോമിയോ മരുന്നുകൾ ലഭിക്കുന്നതിലെ കാലതാമസം - ഡിസ്പെൻസറിയുടെ പ്രവർത്തനത്തെ ബാധിക്കുന്നു

മെഡിക്കൽ ഓഫീസർ (ഹോമിയോ) 2016-2017 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടിൽ ഹോമിയോ മരുന്നുകൾ വാങ്ങുന്നതിന് വകയിരുത്തിയ തുകയായ 1,00,000/- രൂപ മുൻകൂറായി തന്നെ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിക്കുകയുണ്ടായി. എന്നാൽ തുക നൽകി 6 മാസത്തോളമായിട്ടും സ്ഥാപനം മരുന്ന് സപ്ലൈ ചെയ്തിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രൊജക്ട് പേര്/നമ്പർ | ബിൽ നമ്പർ/തീയതി | തുക |
|---|---|---|---|
| 1 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ (74/17), മെയിന്റനൻസ് ഫണ്ട് (റോഡിതരം),<br>അടങ്കൽ – 1,00,000/- | 1/2016-17/15-03-2017<br>ഇൻവോയ്സ് നം. 1209/09-02-2017 | 1,00,000 |
| | ആകെ | | 1,00,000 |

തുക മുൻകൂറായി അനുവദിച്ചപ്പോൾ ഹോംകോ എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടതായി കാണുന്നില്ല. മരുന്നുകൾ ലഭിക്കുന്നതിലുള്ള കാലതാമസം പ്രൊജക്ട് നിർവ്വഹണത്തെയും ഡിസ്പെൻസറിയുടെ സുഗമമായ പ്രവർത്തനത്തെയും ബാധിച്ചതായി മെഡിക്കൽ ഓഫീസർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മരുന്ന് ലഭ്യമാക്കുന്നതിനും ഡിസ്പെൻസറിയുടെ പ്രവർത്തനം സുഗമമാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 അംഗൻവാടികൾക്ക് ഫർണ്ണിച്ചർ, പ്രഷർ കുക്കർ എന്നിവ വാങ്ങൽ -പ്രഷർ കുക്കർ വിതരണം ചെയ്തില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ടിന്റെ പേര് - അംഗൻവാടികൾക്ക് ഫർണ്ണിച്ചർ, പ്രഷർ കുക്കർ എന്നിവ വാങ്ങൽ

പ്രൊജക്ടിന്റെ നമ്പർ - S0115/17

ബിൽ നമ്പർ/തീയ്യതി/തുക - 9/16-17/31-03-17/2,35,851/-

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ആകെ അടങ്കൽ - 2,47,000/-

ഉദയഗിരി ഗ്രാമപഞ്ചായത്തിലെ 23 അംഗൻവാടികൾക്ക് ബേബി ചെയർ, മേശ, ഷെൽഫ്, ഫൈബർ

ആം ചെയർ, 23 അംഗനൻവാടികൾക്കും 1 ശിശുമന്ദിരത്തിനും പ്രഷർ കുക്കർ എന്നിവ വാങ്ങുന്നതിനാണ് ഈ പ്രൊജക്ട്. ക്വട്ടേഷൻ പ്രകാരം എസ്.കെ. ഇന്റർനാഷണൽ, കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയും ചെയ്തിട്ടുണ്ട്. അംഗൻവാടികൾക്ക് ബേബി ചെയർ, മേശ, ഷെൽഫ്, ഫൈബർ ആം ചെയർ എന്നിവ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ 24 പ്രഷർ കുക്കറും ഇതുവരെയായും വിതരണം ചെയ്യാതെ പഞ്ചായത്തിന് അടുത്തുള്ള സെന്റർ നമ്പർ 80, കാർത്തികപുരം അംഗൻവാടിയിൽ സൂക്ഷിച്ചിട്ടാണുള്ളത്. വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 21/16-17 ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി എസ്.കെ. ഇന്റർനാഷണൽ, കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തോട് 10 ലിറ്ററിന്റെ 24 കുക്കറാണ് ആവശ്യപ്പെട്ടതെന്നും 5 ലിറ്ററിന്റെ 24 കുക്കറാണ് സ്ഥാപനം ഇറക്കി തന്നതെന്നും സ്ഥാപനം 10 ലിറ്ററിന്റെ തന്നെ മാറ്റി നൽകാമെന്ന് പറഞ്ഞതിനാലാണ് വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടാണുള്ളതെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ പ്രൊജക്ടിൽ കുക്കറിന്റെ അളവ് പ്രത്യേകം പറഞ്ഞിട്ടില്ല. കുക്കർ വിതരണം ചെയ്യാത്തതിനാൽ പദ്ധതിക്ക് ചെലവായ തുക പാഴ്ചെലവായി വിലയിരുത്തുന്നു. ചെലവ് തുകയായ 53,880/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-10** ജലനിധി-പ്രവൃത്തി പൂർത്തീകരിച്ചാലുടൻ ഗുണഭോക്തൃ ഗ്രൂപ്പിന്റെയുൾപ്പെടെയുള്ള കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

ഉദയഗിരി ഗ്രാമപഞ്ചായത്തിൽ 2011-12 സാമ്പത്തിക വർഷം ആരംഭിച്ച ജലനിധി പദ്ധതിയിൽ (ലോക ബാങ്ക് ധനസഹായത്തോടെയുള്ള വാട്ടർ സപ്ലൈ & സാനിറ്റേഷൻ പദ്ധതി) ആകെയുള്ള 33 സ്കീമുകളിൽ 2 എണ്ണം ഉപേക്ഷിച്ചത് കഴിച്ച് ബാക്കിയുള്ള 31 സ്കീമുകളും പൂർത്തിയായിട്ടുണ്ടെങ്കിലും 2016-2017 സാമ്പത്തിക വർഷത്തിൽ എക്സിറ്റ് നടത്തിയിട്ടില്ല. സ്കീമുകളുടെ എക്സിറ്റ് നടത്തിയിട്ടില്ലാത്തതിനാൽ പ്രവൃത്തി സംബന്ധിച്ചുള്ള ഫയലുകളൊന്നും തന്നെ സപ്പോർട്ടിംഗ് സംഘടനയായ സുസ്ഥിര ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടില്ല. പ്രവൃത്തി പൂർത്തികരിച്ച് പദ്ധതി ഗുണഭോക്തൃ ഗ്രൂപ്പിന് കൈമാറുന്ന ഘട്ടത്തിൽ തന്നെ ഗുണഭോക്തൃ ഗ്രൂപ്പിന്റെയുൾപ്പെടെയുള്ള കണക്കുകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## **3-11** ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലങ്ങൾക്ക് ഭൂനികുതി ഒടുക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ സ്ഥലങ്ങൾക്ക് ഭൂനികുതി ഒടുക്കിയതായി കാണുന്നില്ല. ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ സ്ഥലത്തിന്റെയും ഭൂനികുതി ഒടുക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ, തോട് പുറമ്പോക്ക് ഭൂമിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് പരിശോധനകളൊന്നും നടത്തിയിട്ടില്ല. ആയതിനാൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പുറമ്പോക്ക് സ്ഥലങ്ങൾ അളന്ന് കയ്യേറ്റങ്ങൾ ഉണ്ടെങ്കിൽ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-**4**

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## **4-1** സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## **4-2** ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

| ക്രമ നമ്പർ | വർഷം | കൺ വീനറുടെ പേര് | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തീയതി | തുക | ക്രമീകരിച്ച തുക | ക്രമീകരിക്കുവാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|---|
| 1 | 2016-17 | സാബു വെമ്പള്ളിൽ | ശാന്തിപുരം-ആല്ലുംമൂട്ടിൽപ്പടി റോഡിൽ പൈപ്പ് കൾവർട്ട്നിർമ്മാണം (പ്രൊജക്ട് നമ്പർ 84/17) | 9/2016-17 | 45,000 | 0 | 45,000 |
| 2 | -ടി- | റോയി ദേവസ്യ | പുൽക്കയം പടി-തടത്തിപ്പടി റോഡിൽ പൈപ്പ് കൾവർട്ട് നിർമ്മാണം (പ്രൊജക്ട് നമ്പർ-85/17) | 10/2016-17 | 22,000 | 0 | 22,000 |

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | വായ്പയുടെ പേര്/ ഉദ്ദേശ്യം/ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 2016-17 | ഇഎംഎസ് ഭവന പദ്ധതി- ജി.ഒ.(എം.എസ്) 274/10/ത.സ്വ.ഭ.വ/ 27-01-2010 | 1,24,45,500 | 49,78,200 | 12,44,550 | – | 37,33,650 |
| 2016-17 | മണക്കടവ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- എ2-1280/97/RDB/ 31-03-1997 | 36,75,562 | 18,37,782 | 3,67,556 | - | 14,70,226* |

*ബാലൻസ് ഷീറ്റ് പ്രകാരം 14,70,224/- രൂപയാണ് ഉള്ളത്. 2/- രൂപയുടെ വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ചാർജ്ജ് -സർചാർജജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം:

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,51,65,147 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,92,56,967 |
| വരവിനങ്ങളിലുള്ള നഷ്ടം | 66,724 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,45,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,14,790 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം:

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 62,524 | -- | ശ്രീ.ഡി. നാരായണൻകുട്ടി, സെക്രട്ടറി – 57,844<br>ശ്രീ.എ.വി പ്രകാശൻ, സെക്രട്ടറി – 4,680 |
| 2-2(3) | 4,200 | -- | ശ്രീ.എ.വി പ്രകാശൻ, സെക്രട്ടറി |
| 3-1 | -- | 52,500 | ശ്രീ.എ.വി പ്രകാശൻ, സെക്രട്ടറി |
| 3-7 | -- | 92,500 | ശ്രീമതി.ശ്രീജ.യു, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| ആകെ | 66,724 | 1,45,000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകഃ

| ഖണ്ഡിക നമ്പർ | തടസപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3,75,000 | ശ്രീ.എ.വി.പ്രകാശൻ, സെക്രട്ടറി |
| 3-2 | 25,000 | ശ്രീ.ഡി.നാരായണൻകുട്ടി, സെക്രട്ടറി |
| 3-3 | 25,000 | ശ്രീ.എ.വി.പ്രകാശൻ, സെക്രട്ടറി |
| 3-5 | 35,910 | ശ്രീ.എ.വി പ്രകാശൻ, സെക്രട്ടറി |
| 3-9 | 53,880 | ശ്രീമതി.നാരായണി. എ,<br>ഐ സി ഡി എസ് സൂപ്പർവൈസർ |
| ആകെ | 5,14,790 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരംഃ

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവഃ

2-1,2-2,2-5,3-1

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾഃ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എ.വി.പ്രകാശൻ,<br>സെക്രട്ടറി | സെക്രട്ടറി,<br>ഉദയഗിരി ഗ്രാമപഞ്ചായത്ത് | അളോറ വീട്,<br>നടുവിൽ.പി.ഒ.,<br>കണ്ണൂർ ജില്ല. |
| ശ്രീ.ഡി.നാരായണൻകുട്ടി,<br>സെക്രട്ടറി | സെക്രട്ടറി,<br>ചെറുതാഴം ഗ്രാമപഞ്ചായത്ത് | ഡേർമൽ, അരിയിൽ<br>പട്ടുവം.പി.ഒ., കണ്ണൂർ ജില്ല. |
| ശ്രീമതി.ശ്രീജ.യു. | അസിസ്റ്റന്റ് എഞ്ചിനീയർ,<br>ന്യൂമാഹി ഗ്രാമപഞ്ചായത്ത് | ശ്രീനിലയം,<br>പട്ടുവം.പി.ഒ.,<br>കണ്ണൂർ ജില്ല. |
| ശ്രീമതി.നാരായണി.എ.<br>ഐ സി ഡി എസ് സൂപ്പർവൈസർ | ഐസിഡിഎസ് സൂപ്പർവൈസർ,<br>നടുവിൽ ഗ്രാമപഞ്ചായത്ത് | അന്നൂർ വീട്,<br>കുട്ടുമുഖം.പി.ഒ.,<br>ശ്രീകണ്ഠാപുരം,<br>കണ്ണൂർ ജില്ല. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | എൽഎഫ്/കെഎൻആർ/ഡി3/765/09<br>തീയ്യതി 13-04-2012 | 7 | |
| 2004-05 | എൽഎഫ്/കെഎൻആർ/ഡി3/198/10<br>തീയ്യതി 03-03-2010 | 7 | |
| 2005-06 | എൽഎഫ്/കെഎൻആർ/സി6/928/12<br>തീയ്യതി 09-07-2012 | 6 | |
| 2006-07 | എൽഎഫ്/കെഎൻആർ/സി6/1370/14(2)<br>തീയ്യതി 29-09-2014 | 20 | |
| 2007-08 | എൽഎഫ്/കെഎൻആർ/സി8 /1768/11<br>തീയ്യതി 26-04-2012 | 15 | |
| 2008-09 | എൽഎഫ്/കെഎൻആർ/സി6/1141(1)/15<br>തീയ്യതി 05-08-2015 | 8 | |
| 2009-10 | എൽഎഫ്/കെഎൻആർ/സി6/1141(1)/15<br>തീയ്യതി 05-08-2015 | 9 | |
| 2010-11, 2011-12 | കെഎസ്എ/കെഎൻആർ/സി6/13457/15(1)<br>തീയതി 19-09-2015 | 11 | |
| 2012-13, 2013-14 | കെഎസ്എ/കെഎൻ.ആർ/സി6/334/16<br>തീയതി 13-04-2016 | 5 | |
| 2014-15 | കെഎസ്എ/കെഎൻആർ/സി6/1454/16<br>തീയതി 09-08-2016 | 8 | |
| 2015-16 | കെഎസ്എ/കെഎൻആർ/സി3/64/17<br>തീയതി 08-02-2017 | 18 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെഎസ്എ/കെഎൻആർ/സി.3/1654/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 04972-707698
തീയ്യതി: 02-11-2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നിർവ്വഹിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# AUDIT CERTIFICATE

No.KSA/KNR/C3/1654/2017.

Kerala State Audit Department,
District Audit Office, Kannur,

Phone 04972-707698

E-Mail. doknr.ksad@kerala.gov.in

Date: 02-11-2017.

Certified that I have audited the Annual Financial Statement of Udayagiri Gramapanchayath in KANNUR District for the year ended on 31.3. 2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Udayagiri Gramapanchayath for the year 2016-17 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR,

DISTRICT AUDIT OFFICE, KANNUR.

# അനുബന്ധം-2

# Income & Expenditure statement

For the period from 01-April 2016 to 31 March 2017

| Code | Head of Account | Schedule | Amount (Rs.) |
|---|---|---|---|
| Income | | | |
| 110000000 | Tax Revenue | I-1 | 2111773.00 |
| 130000000 | Rental Income from panchayath properties | I-3 | 233312.00 |
| 140000000 | Fee &User charges | I-4(b) | 591057.00 |
| 150000000 | Sale &Hire Charges | I-5(b) | 54544.00 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 90227097.00 |
| 170000000 | Interest Earned | I-8 | 24705.00 |
| 180000000 | Other Income | I-9 | 23973.00 |
| A | Total Income | | 93,266,461 |
| Expenditure | | | |
| 210000000 | EstablishmentExpenses | I-10(b) | 7496736.00 |
| 220000000 | Administrative Expenses | I-11(b) | 758279.00 |
| 230000000 | Operations &Maintanance | I-12(b) | 2051235.00 |
| 240000000 | Interest & Finance Charges | I-13 | 60207.00 |
| 250000000 | Decentralised Plan programme – Productive Sector | I-14 | 5816697.00 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 31361892.00 |
| 2520000000 | Decentralised Plan programme – Infrastructure Sector | I-14(b) | 125997.00 |
| 253000000 | Decentralised Plan programme – Projects not included in Sector Division | I-14(c) | 310002.00 |
| 254000000 | Expenditures of Transferred Institutions & State Sponsored Schemes | I-14(d) | 40227575.00 |
| 255000000 | Maintanance Projects | I-14(e) | 3877833.00 |

| | | | |
|---|---|---|---|
| 256000000 | Other Revenue, Grants and Funds -Revenue Expenses | I-15(a) | 0.00 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 0.00 |
| 272000000 | Depreciation | I-17(a) | 1593549.00 |
| B | Total – Expenditure | | 93680002.00 |
| C=A-B | Gross Surplus/Deficit of Income over Expenditure | | (413541).00 |
| 280000000 | Prior period Item | I-18 | (7692).00 |
| E=C-D | Gross Surplus/Deficit of Income over Expenditure after prior period items | | (405849).00 |
| 290000000 | Transfer to reserve funds | | |
| | Net balance being surplus/Deficit carried over to balance sheet (Panchayat Fund) | | 0.00 |

DEPUTY DIRECTOR.

## അനുബന്ധം-3

# Receipt And Payment Statement

For the period from 01 April 2016 to 31 March 2017

| Code | Head Account | Schedule | Amount (Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 4276173.00 |
| | Cash | RP-40(a) | 98623.00 |
| Receipts | | | |
| Operating | | | |
| 110000000 | Tax evenue | RP- 1 | 535790.00 |
| 130000000 | Rental Income panchayath Properties | RP-3 | 11300.00 |
| 140000000 | Fees &User Charges | RP- 4 | 554607.00 |
| 150000000 | Sale &Hire Charges | RP- 5 | 54544.00 |
| 160000000 | Revenue Grants, Funds, Contributions &Compensations | RP- 7 | 6884892.00 |
| 171000000 | Interest Earned | RP- 9 | 24705.00 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 32253115.00 |
| 350000000 | Other Liabilities | RP-36 | 12930.00 |
| Non Operating | | | |
| 180000000 | Other Income | RP- 10 | 1473.00 |
| 311000000 | Earmarked Funds | RP-29 | 1036.00 |
| 340000000 | Deposits Received | RP- 34 | 127854.00 |
| 350000000 | Other Liabilities | RP- 36 | 86899.00 |
| 431000000 | Sundry Debtors(Receivables) | RP- 43 | 1925698.00 |
| 460000000 | Loans,Advances and Deposits | RP- 47 | 2690304.00 |
| Grand Total | | | 49539943.00 |

| Payments | | | |
|---|---|---|---|
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 2049083.00 |
| 220000000 | Administrative Expenses | RP-12 | 758279.00 |
| 230000000 | Operatations &Maintanance | RP-13 | 518908.00 |
| 250000000 | Decentralised plan programme - Productive Sector | RP-15 | 2934915.00 |
| 251000000 | Decentralised plan programme - Service Sector | RP-16 | 9404299.00 |
| 252000000 | Decentralised plan programme - Infrastructure Sector | RP-17 | 52655.00 |
| 253000000 | Decentralised plan programme -Projects not included in sector | RP-18 | 310002.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 63360.00 |
| 255000000 | Maintanance Projects | RP-20 | 3877833.00 |
| 256000000 | Other Revenue Grants and Funds - Revenue Expwnses | RP-21 | 0.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 0.00 |
| 280000000 | Prior Period Item | RP-26 | 0.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 336308.00 |
| 350000000 | Other Liabilities | RP-36 | 4578664.00 |
| Non Operating | | | |
| 240000000 | Interest &Finance Charges | RP-14 | 60207.00 |
| 280000000 | Prior Period Item | RP-26 | -7500.00 |
| 311000000 | Earmarked Funds | RP-29 | 1000.00 |
| 330000000 | Secured Loans | RP-32 | 1612106.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 142465.00 |
| 350000000 | Other Liabilities | RP-36 | 2580213.00 |
| 410000000 | Fixed Assets | RP-38 | 5458859.00 |
| 412000000 | Capital Work In Progress | RP-40 | 1712007.00 |
| 430000000 | Stock-in-hand | RP-42 | 0-00 |
| 460000000 | Loans,Advances and Deposits | RP-47 | 2813304.00 |
| | Closing Balance | | |
| | Bank | RP-40(b) | 10188487.00 |
| | Cash | RP-40(b) | 94489.00 |
| Grand Total | | | 49539943.00 |

DEPUTY DIRECTOR.

## അനുബന്ധം-4

# Balance Sheet As on 31 March, 2017

| Code No. | Description of Items | Schedule No. | Amount |
|---|---|---|---|
| LIABILITIES | | | |
| | Reserve & surplus | | |
| 310000000 | Panchayat Funds | B-1 | 14554642.00 |
| 311000000 | Earmarked Funds | B-2 | 1251.00 |
| 312000000 | Reserves | B-3 | 32771884.00 |
| | Total Reserve &surplus | | 47327777.00 |
| | Grants, Contributions for specific purposes | | |
| 320000000 | Grants, Funds & Contributions for Specific Purposes | B-4 | 8247847.00 |
| | Total Grants, Funds & Contributions for Specific Purposes | | 8247847.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 5203874.00 |
| | Total Loans | | 5203874.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 722266.00 |
| 341000000 | Deposit Works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 630336.00 |
| | Total Current Liabilities and Provisions | | 1352602.00 |
| | Total Liabiliities | | 62132100.00 |
| | Fixed Assets | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 52849350.00 |
| 411000000 | Accumulated Depreciation | B-11 | (7313598.00) |
| 412000000 | Capital Work In Progress | B-11(a) | 1712007.00 |
| | Total Fixed Assets | | 47247759.00 |
| | Investments | | |
| 420000000 | Investments | B-12 | 0.00 |
| | Total Investments | | 0.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 821015.00 |
| 440000000 | Pre-paid Expenses | B-16 | 3733650.00 |
| 450000000 | Cash and Bank balance | B-17 | 10282976.00 |
| 460000000 | Loans, Advances and Deposits | B-18 | 46700.00 |
| | Total Current Assets, Loans and Advances | | 14884341.00 |
| | Total Assets | | 62132100.00 |

DEPUTY DIRECTOR.